# അധികാരം ജനങ്ങളിലേക്ക്



# 9-ാം പദ്ധതി
# ജനകീയ പദ്ധതി

## പാലക്കുഴ ഗ്രാമ പഞ്ചായത്ത്

# വികസനറിപ്പോർട്ട്

# ഗ്രാമ പഞ്ചായത്ത് ഭരണ സമിതി 1996

| | | |
|---|---|---|
| 1. | ശ്രീമതി എ.കെ. ലക്ഷ്മിക്കുട്ടി | (പ്രസിഡന്റ്) |
| 2. | ശ്രീ. വി.ജെ. എബ്രഹാം | (വൈസ് പ്രസിഡന്റ്) |
| 3. | ശ്രീ. വക്കച്ചൻ ജോസഫ് | (സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ) |
| 4. | ശ്രീമതി. ജയിനമ്മ ജോർജ്ജ് | (മെമ്പർ) |
| 5. | ശ്രീമതി. ആലിസ് സണ്ണി | (മെമ്പർ) |
| 6. | ശ്രീ. ഉല്ലാസ് തോമസ് | (മെമ്പർ) |
| 7. | ശ്രീ. എം. മാത്യു | (മെമ്പർ) |
| 8. | ശ്രീമതി മേരി ഉലഹന്നൻ | (മെമ്പർ) |

78-5

# ഉള്ളടക്കം


1. ആമുഖം - ചരിത്രപശ്ചാത്തലം

2. കൃഷിയും ജലസേചനവും

3. മൃഗസംരക്ഷണവും മത്സ്യബന്ധനവും

4. വ്യവസായം

5. ഊർജ്ജവും ഗതാഗതവും

6 വിദ്യാഭ്യാസം

7 കുടിവെള്ളവും പൊതുജനാരോഗ്യവും

8. പാർപ്പിടവും സാമൂഹ്യ ക്ഷേമവും

9. സംസ്കാരം


10. വനിത

11. സഹകരണ മേഖല

12 പട്ടികജാതി പട്ടിക വർഗ്ഗം

13. വിഭവ സമാഹരണം

14. ഉപസംഹാരം



# പാലക്കുഴ ഗ്രാമപഞ്ചായത്ത് വികസന റിപ്പോർട്ട്

## ആമുഖം

'ഒൻപതാം പദ്ധതി ജനകീയ പദ്ധതി' എന്ന മുദ്രാവാക്യം യാഥാർത്ഥ്യമാക്കിത്തീർക്കുവാൻ സംസ്ഥാന പ്ലാനിംഗ് ബോർഡും, ഗവൺമെൻറും തീരുമാനമെടുത്തിരിക്കുന്നതിന്റെ വെളിച്ചത്തിൽ പാലക്കുഴപഞ്ചായത്തിലും വികസന പരിപാടികളിൽ ജനപങ്കാളിത്തം ഉറപ്പാക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചു. തൽഫലമായി പഞ്ചായത്തിലെ എട്ടു വാർഡുകളിലും വിശേഷാൽ ഗ്രാമസഭകൾ സംഘടിപ്പിക്കുകയും ഫലപ്രദമായ ചർച്ചകൾക്ക് വഴിയൊരുക്കുകയും ചെയ്തു. 70 മുതൽ 150 വരെ അംഗങ്ങൾ പങ്കെടുത്ത ഗ്രാമസഭകളിൽ സ്ത്രീപങ്കാളിത്തം 25% വും പട്ടികജാതി/വർഗ്ഗ പങ്കാളിത്തം 5% ആയിരുന്നു. ഗ്രാമസഭകളിൽ ഉയർന്നുവന്ന ആവശ്യങ്ങളെ പ്രശ്നങ്ങളായി കാണുകയും പ്രശ്നങ്ങളെ നിർദ്ദേശങ്ങളും പദ്ധതികളാക്കി മാററുക എന്ന ലക്ഷ്യത്തെ മുൻനിർത്തി നടത്താൻ പോകുന്ന വികസന സെമിനാറിൽ ഫലപ്രദമായ ചർച്ചയും നിർദ്ദേശങ്ങളും ഉയർന്നുവരുന്നതിന് സഹായകമായ സാഹചര്യങ്ങൾ സൃഷ്ടിക്കുകയെന്നതുമാണ് ഈ റിപ്പോർട്ടിന്റെ ലക്ഷ്യവും ഉദ്ദേശവും. വിവിധ ഡിപ്പാർട്ട്മെൻറുകളിൽ നിന്നും ലഭിച്ച സ്ഥിതിവിവരക്കണക്കുകളും പഠന പര്യടനം വഴി ശേഖരിച്ച വിവരങ്ങളും മുതിർന്ന തലമുറയിൽ നിന്ന് കേട്ടറിഞ്ഞ വിവരങ്ങളും ആധാരമാക്കിയാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

## പൊതുവിവരങ്ങളും ഭരണപരമായ ചരിത്രവും

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | – | പാലക്കുഴ ഗ്രാമപഞ്ചായത്ത്. |
| ഉൾപ്പെടുന്ന വില്ലേജ് | – | പാലക്കുഴ വില്ലേജ്. |
| ബ്ലോക്കുപഞ്ചായത്ത് | – | പാമ്പാക്കുട |
| താലൂക്ക് | – | മൂവാററുപുഴ. |
| ജില്ല | – | എറണാകുളം. |
| അസംബ്ലിമണ്ഡലം | – | മൂവാററുപുഴ. |
| വിസ്തീർണ്ണം | – | 22.27 ച: കി: മീ: |
| അതിരുകൾ | – | വടക്ക് – ആരക്കുഴ പഞ്ചായത്ത് |
| | | കിഴക്ക് – മണക്കാട്, പുറപ്പുഴ പഞ്ചായത്തുകൾ. |
| | | തെക്ക് – വെളിയന്നൂർ പഞ്ചായത്ത്. |
| | | പടിഞ്ഞാറ് – തിരുമാറാടി, കൂത്താട്ടുകുളം പഞ്ചായത്തുകൾ |
| ജനസംഖ്യ | – | 12773 (1991 സെൻസസ്) |
| വർഡുകൾ | - | 8 (എട്ട്) |

പ്രസിഡൻറ്, ശ്രീമതി, എ. കെ ലക്ഷ്മിക്കുട്ടി ശ്രീധരൻ.

വൈസ്പ്രസിഡൻറ്. ശ്രീ. വി. ജെ. എബ്രഹാം.

പാലക്കുഴ പഞ്ചായത്ത് രൂപീകൃതമായത് 1961 ൽ ആണ്. അന്നുമുതൽ ഇന്നുവരെയും പഞ്ചായത്തിന്റെ വിസ്തീർണ്ണത്തിലും അതിരുകളിലും മാററമൊന്നുമുണ്ടായിട്ടില്ല. ആദ്യപഞ്ചായത്തുപ്രസിഡൻറ് റവ: ഫാ: വി. എം. ജോസഫ്, വെട്ടിനാൽ ആയിരുന്നു. പിൽക്കാലത്ത് ശ്രീ പി ററി മത്തായി, ശ്രീ. കെ. എ തോമസ് എന്നിവർ പ്രസിഡൻറുമാരായി സേവനമനുഷ്ടിച്ചിട്ടുണ്ട്. വിവിധ

വികസന മേഖലകളിൽ സഫലീകരിച്ച വികസന പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ 1982 83 വർഷത്തിൽ സംസ്ഥാനതലത്തിൽ ഒന്നാം സ്ഥാനം ലഭിച്ചത് പാലക്കുഴപഞ്ചായത്തിനാണ്. ശ്രീ. കെ. എ· തോമസ് പ്രസിഡന്റായിരുന്ന കാലയളവിലാണ് ഈ ബഹുമതി ലഭിച്ചത്.



## സാമൂഹിക സാംസ്കാരിക ചരിത്ര പശ്ചാത്തലം

ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ കൃഷിയും അനുബന്ധ പ്രശ്നങ്ങളും മാത്രം കൈകാര്യം ചെയ്ത് ജീവിച്ചുപോന്നിരുന്ന പാലക്കുഴയിലെ ജനസമൂഹത്തെ സംബന്ധിച്ചിടത്തോളം ചരിത്രപരമായ കുറെ നേട്ടങ്ങൾ അവകാശപ്പെടാനുണ്ട്. കിഴക്കേക്കര കൃഷ്ണപിള്ളസാർ സ്ഥാപിച്ച പരുമല കുടിപ്പള്ളിക്കൂടവും തിരുമേനിയുടെ നാമത്തിൽ പാലക്കുഴ കവലയിൽ ഒരു കുരിശുപള്ളി സ്ഥാപിച്ച് അതിനോടനുബന്ധിച്ച് പാലക്കുഴ സെന്റ് ജോൺസ് പള്ളിവക ഒരു പ്രൈമറി സ്കൂളും സ്ഥാപിതമായതും. ഈ നൂറ്റാണ്ടിന്റെ ആരംഭത്തിലാണ്. അന്നത്തെ ആ ചെറുവിദ്യാലയമാണ് ഇന്ന് പാലക്കുഴയുടെ സിരാ കേന്ദ്രത്തിൽ തലയുയർത്തി നിൽക്കുന്ന ഗവ: മോഡൽ ഹൈസ്കൂൾ. വിജയ ശതമാനത്തിൽ സർക്കാർ സ്കൂളുകളുടെ മുൻപന്തിയിൽ നില്ക്കുന്നഈ സ്ഥാപനം പാലക്കുഴയിലെ ജനസഹസ്രങ്ങളുടെ സ്വപ്ന സാക്ഷാൽക്കാരമാണ്.

വർഷങ്ങൾക്കുമുൻപ് പാലക്കുഴയിലെ വിദ്യാർത്ഥികൾ ഉന്നത വിദ്യാഭ്യാസത്തിനുവേണ്ടി ആശ്രയിച്ചിരുന്നത് ഈ പഞ്ചായത്തിൽ നിന്നും ആറുകിലോമീററിലധികം ദൂരെ തിരുമാറാടി പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന വടകര സെന്റ് ജോൺസ് ഹൈസ്ക്കൂളിനെ ആയിരുന്നു.

1946_47 കളിൽ സ്വാതന്ത്ര്യസമരത്തോടനുബന്ധിച്ച് നടന്ന പ്രക്ഷോഭണങ്ങളിൽ വടകര ഹൈസ്ക്കൂളിലെ വിദ്യാർത്ഥികൾക്ക് നേതൃത്വം നൽകിയിരുന്നവരിൽ പലരും പാലക്കുഴ പ്രദേശങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളായിരുന്നു. 1947 ഓഗസ്ററ് 1_ാം തീയതി വെള്ളിയാഴ്ച കൂത്താട്ടുകളും പോലീസ് വടകര ഹൈസ്ക്കൂൾ വിദ്യാർത്ഥികൾക്കെതിരെ നടത്തിയ ക്രൂരമായ ലാത്തിചാർജിൽ സാരമായ പരുക്കേററ പലരും ഇന്നും യാതൊരു രാഷ്ട്രീയലാഭേച്ഛയുമില്ലാതെ പാലക്കുഴ പഞ്ചായത്തിന്റെ വിവിധ കോണുകളിൽ നിശബ്ദരായി ജീവിക്കുന്നുണ്ട് അനുവാദമില്ലാത്തതിനാൽ പലരുടേയും പേരുകൾ ഇവിടെ പകർത്തുന്നില്ല. കേരളത്തിനകത്തും പുറത്തും അറിയപ്പെടുന്ന നാടക, സിനിമാനടനായിരുന്ന എൻ എസ് ഇട്ടൻ' കല്ലിരിക്കുംകണ്ടത്തിൽ ററി ജെ. ചാക്കോ തുടങ്ങിയവർ അന്നു മർദ്ദനമേററ വിദ്യാർത്ഥികളിൽ പെട്ടവരാണ്. സ്വാതന്ത്ര്യസമര മുഖങ്ങളെ സജീവമാക്കിയ 22 സ്വാതന്ത്ര്യസമരസേനാനികൾക്ക് ഈപഞ്ചായത്തിൽ പെൻഷൻ ലഭിക്കുന്നുണ്ട്.

ഗാന്ധിജിയുടെ നേതൃത്വത്തിൽ നടന്ന അയിത്തോച്ഛാടന പ്രസ്ഥാനം പാലക്കുഴയിലെ ജനങ്ങളിൽ ഒരു വിഭാഗത്തെ ആവേശഭരിതരാക്കി. വൈക്കം സത്യാഗ്രഹത്തിൽ പങ്കെടുത്തതിന്റെപേരിൽ സവർണ്ണ മേധാവികളുടെ ആജ്ഞാനുവർത്തികളാൽ കണ്ണിൽ ചുണ്ണാമ്പുതേയ്ക്കപ്പെട്ട പാലക്കുഴ കീഴേട്ടില്ലത്ത് രാമനിളയതിന്റെ എഴുതാത്ത കഥ അദ്ദേഹത്തിന്റെ സമകാലികർക്ക് മനഃപ്പാഠമാണ്. വർണ്ണവർഗ്ഗഭേദമില്ലാതെ, ഹീനജാതിക്കാരെന്നു ധരിച്ചിരുന്നവരോടൊത്ത് പന്തിഭോജനം നടത്തിയ പാലക്കുഴയിലെ ആദ്യ ബ്രാഹ്മണ കുലജാതനായിരുന്നു അദ്ദേഹം യാഥാസ്ഥിതികരുടെ എതിർപ്പിനെ അവഗണിച്ചുകൊണ്ട് സ്വന്തം ഇല്ലപ്പറമ്പിൽ ഒരു വലിയ നെടുമ്പുരകെട്ടിയുണ്ടാക്കി അയിത്തജാതിക്കാരെ അതിലിരുത്തി അക്ഷരം പഠിപ്പിക്കാൻ തന്റേടംകാണിച്ച ഒരു ധീരനായിരുന്നു അദ്ദേഹം. മേൽജാതിക്കാരുടെ എതിർപ്പുമൂലം പഠിതാക്കൾ കുറവായിരുന്നെങ്കിലും അദ്ദേഹത്തിന്റെ ശ്രമഫലമായി കുറേകുട്ടികൾക്കെങ്കിലും അക്ഷരാഭ്യാസം നൽകുന്നതിന് അദ്ദേഹത്തിനുസാധിച്ചു.

സ്വാതന്ത്ര്യസമര കാലത്തും വിവിധ രാഷ്ട്രീയ സാമൂഹ്യപ്രസ്ഥാനങ്ങൾ പാലക്കുഴയുടെ മണ്ണിൽ വേരുപിടിച്ചുനിന്നു. ഇവയ്ക്കൊക്കെ നേതൃത്വം കൊടുക്കുകയും പ്രസ്ഥാനങ്ങൾക്കുവേണ്ടി ത്യാഗവും വേദനയും സഹിക്കുകയും ജീവനും സ്വത്തുക്കളും നഷ്ടപ്പെടുത്തുകയും ചെയ്യുകവഴി പാലക്കുഴയുടെ സാമൂഹിക, സാംസ്ക്കാരിക, രാഷ്ട്രീയമണ്ഡലങ്ങളിൽ നവോത്ഥാനത്തിന്റെ പുതുപൂക്കൾ വിതറിയ ധീരദേശാഭിമാനികൾ ഇന്നും സമരണീയരാണ്.

പാലക്കുഴയുടെ സാമൂഹ്യ, സാംസ്ക്കാരിക രാഷ്ട്രീയരംഗത്ത് സജീവ പ്രവർത്തനങ്ങൾ കാഴ്ചവച്ച ചില വ്യക്തികളാണ് ഡോ: കെ. തോമസ്, കുളിരാങ്കൽ, റവ: ഫാ വി. എം. ജോസഫ്, വെട്ടിനാൽ, ശ്രീ ഉലഹന്നൻ പുടവക്കര ശ്രീ പരമേശ്വരമാരാർ ശരണാലയം തുടങ്ങിയവർ.

ഇടതുപക്ഷ രാഷ്ട്രീയ പ്രസ്ഥാന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടതിന്റെ പേരിൽ കള്ളക്കേസുകളിൽ കുടുക്കപ്പെടുകയും ക്രൂരമായ പോലീസ് മർദ്ദനം അനുഭവിക്കുകയും ചെയ്ത പലരും പിൽക്കാലത്ത് നിത്യരോഗികളായി മാറുകയും മരണമടയുകയും ചെയ്തിട്ടുണ്ട്. 1948_ൽ നടന്ന ഉമ്മൻ കൊലക്കേസും അതിനോടു അനുബന്ധിച്ചുണ്ടായ കൊടിയ മർദ്ദനവും ചരിത്രത്താളുകളിൽ നിലനിൽക്കുന്നു.

പുത്തിരിക്കൽ വൈദ്യൻ, ശ്രീ. എം. ജെ. ജോൺ, മന്താനത്ത്, ശ്രീമതി വി. സി. മേരി വെട്ടിനാൽ, ശ്രീ രാഘവൻ നിരപ്പത്ത്, ശ്രീ. ജോർജ് കുരുവേലിൽ, ശ്രീ. വി. റ്റി. വർക്കി വാട്ടപ്പിള്ളിൽ, ശ്രീ. കണ്ട ഐക്കരക്കുന്നേൽ തുടങ്ങിയവർ ഇവരിൽ ചിലരാണ്.

1957 മുതൽ 71 വരെ രൂപംകൊണ്ടതും നടപ്പിലായതുമായ ഭൂപരിഷ്കരണനിയമങ്ങളും സാമൂഹ്യ രാഷ്ട്രീയപ്രവർത്തനങ്ങളും പാലക്കുഴയിലെ ജന ജീവിതത്തിൽ സാരമായമാററങ്ങൾ വരുത്തിയിട്ടുണ്ട്. തൊഴിലുടമ തൊഴിലാളി ബന്ധങ്ങളിൽ ഇവിടെ യജമാന ദാസ്യ മനോഭാവം പ്രകടമല്ല. വേതനവും ജോലിസമയവും നിജപ്പെടുത്തുന്നതിൽ തൊഴിലാളികളുടെ അവകാശവാദത്തിനുതന്നെയാണ് മുൻതൂക്കം. ചുമടെടുക്കുന്നവരും മരം മുറിക്കുന്നവരുമൊക്കെ സംഘടിത തൊഴിലാളി വർഗ്ഗത്തിന്റെ ഭാഗമായി മാറിയിരിക്കുന്നു. അറുപതുകളിൽ ആരംഭിച്ച റബ്ബർകൃഷി ഇന്ന് പഞ്ചായത്തിലാകെ പടർന്നുപന്തലിച്ചു നിൽക്കുന്നു. കർഷക കുടുംബങ്ങളിലെ മുഖ്യവരുമാനം റബ്ബർകൃഷിയിൽ നിന്നുതന്നെയാണ്. അറുപതുകൾക്കു മുൻപ് പുരയിടം നിറഞ്ഞുനിന്നിരുന്ന തെങ്ങും കമുങ്ങും കരുമുളകുമൊക്കെ കീടബാധയേററ് നശിച്ചില്ലാതായിക്കൊണ്ടിരിക്കുന്നു. അഭ്യസ്ത വിദ്യരുടെ ഇടയിൽ തൊഴിലില്ലായ്മ രൂക്ഷമാണെങ്കിലും വിദഗ്ദ്ധ ടാപ്പിംഗ് തൊഴിലാളികളുടേയും കർഷകതൊഴിലാളികളുടേയും എണ്ണം ഗണ്യമായി കുറഞ്ഞുകൊണ്ടിരിക്കുന്നു. ഇത് ഉല്പാദനക്ഷമതയെ കാര്യമായി ബാധിക്കുന്നു. പലരും നെൽകൃഷി ഉപേക്ഷിച്ച് മററുനാണ്യവിളകൾ കൃഷിചെയ്തുവരുന്നു. ജന്മിയെന്നു പേരിട്ടുവിളിക്കാൻ ഇന്ന് ആരുംതന്നെ ഇവിടെയില്ല. കൃഷിക്കാരിൽ അധികവും ഒരു ഹെക്ടറിൽ താഴെ ഭൂമിയുള്ളവരാണ്. പലരും സ്വന്തമായി കൃഷിയിടങ്ങളിൽ ജോലിചെയ്യുന്നു. ഒരു തുണ്ടുഭൂമി പോലും സ്വന്തമായില്ലാത്ത 130-ഓളം കുടുംബങ്ങൾ നിലനില്ക്കുന്നു. ജനങ്ങളിൽ 95% സാക്ഷരരാണ്. പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെടാൻ അഭ്യസ്തവിദ്യരും താണവരുമാനക്കാരുമായ യുവതലമുറ മടിച്ചുനില്ക്കുന്നു. അവർ കൂടുതൽ മാന്യതയുള്ള തൊഴിൽ അന്വേഷിക്കുന്നു. കാര്യമായ ഒരു വ്യവസായ സ്ഥാപനമോ, മാർക്കററോ ഇല്ലാത്ത പഞ്ചായത്താണ് പാലക്കുഴ.

ഇന്നലെയുടെ പ്രശ്നങ്ങളെ മാററിനിർത്തിക്കൊണ്ട് ഇന്നിനെപ്പററിചിന്തിക്കുമ്പോൾ പാലക്കുഴ ഇന്നഭിമുഖീകരിക്കുന്ന മുഖ്യപ്രശ്നങ്ങൾ ഇങ്ങനെ സംഗ്രഹിക്കാം.

1 കാർഷിക മേഖലയുടെ പ്രത്യേകിച്ച് തെങ്ങ്, നെല്ല് തുടങ്ങിയ കൃഷിയിടങ്ങളിലെ ശോചനീയാവസ്ഥയും താഴ്ന്ന ഉത്പ്പാദനക്ഷമതയും.

2 കാർഷിക മേഖലയിൽ വിദഗ്ദ്ധ തൊഴിലാളികളുടെ അഭാവം.

3 അഭ്യസ്ത വിദ്യരുടെ ഇടയിലെ രൂക്ഷമായ തൊഴിലില്ലായ്മ.

4) കുടിവെള്ളത്തിന്റെയും ജലസേചനസൗകര്യങ്ങളുടേയും അപര്യപ്തത,

5) സാമ്പത്തിക, സാമൂഹ്യ, രാഷ്ട്രീയ മണ്ഡലങ്ങളിൽ സ്ത്രീപങ്കാളിത്തത്തിന്റെ പോരായ്മ.

## ഭൂപ്രകൃതി:-

ഭൂപ്രകൃതിയനുസരിച്ച് പാലക്കുഴയെ നാലുമേഖലകളായി തിരിക്കാം.

1) മലകളും കുന്നുകളും

2) മലഞ്ചെരിവുകൾ

3) മലഞ്ചെരിവുകളോടുചേർന്നുകിടക്കുന്ന ചെറുപാടങ്ങൾ

4) പാറക്കൂട്ടങ്ങൾ, വെള്ളാരൻകൽ പ്രദേശങ്ങൾ

പട്ടിക-1

| | തരം | വിസ്തീർണ്ണം (ച: കി. മീ) | ശതമാനം |
|---|---|---|---|
| 1 | മലകളും കുന്നുകളും | 6.68 | 30 |

| | | | |
|---|---|---|---|
| 2 | മലഞ്ചെരിവുകൾ | 10.00 | 45 |
| 3 | നെൽപ്പാടങ്ങൾ | 3.35 | 15 |
| 4 | പാറക്കൂട്ടങ്ങൾ, മററിനങ്ങൾ | 2.24 | 10 |
| | ആകെ | 22.27 | 100 |

## 1 മലകളും കുന്നുകളും:-

മൊത്തം വിസ്തൃതിയിൽ 30% വരുന്നു. സമുദ്രനിരപ്പിൽ നിന്നും 160 മീററർ ഉയരത്തിൽ സ്ഥിതിചെയ്യുന്നു. ഇല്ലിക്കുന്ന്, ഏലച്ചിക്കുന്ന്, വാളായിക്കുന്ന്, അമ്പലംകുന്ന്, വാഴേമല, ഇടമനക്കുന്ന് തുടങ്ങിയ ഉയരം കൂടിയ പ്രദേശങ്ങളിൽ ഫലവൃക്ഷങ്ങൾ സമൃദ്ധമായി വളരാൻ പററിയ. മണ്ണുള്ളസ്ഥലമാണ്. ഇവിടെ റബ്ബർക്കൃഷി വ്യാപകമായി ചെയ്തുവരുന്നു. മാവ്, പ്ലാവ്, ആഞ്ഞിലി തേക്ക് തുടങ്ങിയ വൃക്ഷങ്ങളും ഇവിടെ വളരുന്നു. തെങ്ങും പ്രധാന കൃഷിയിനമാണ്. കറുപ്പും ചെമപ്പും കലർന്ന മണ്ണാണിവിടെ കണ്ടുവരുന്നത്.

## 2 മലഞ്ചെരിവുകൾ

ചെരിവുകളെ കല്ലുകയ്യാലകൾകെട്ടി മണ്ണൊലിപ്പിൽ നിന്നും സംരക്ഷിച്ച് റബ്ബർ, തെങ്ങ്, കമുകം എന്നിവ വ്യാപകമായ തോതിൽ കൃഷി ചെയ്തു വരുന്നു. വളക്കൂറുള്ള ഇവിടത്തെ മണ്ണ് ചെറിയ കറുപ്പു നിറത്തോടുകൂടിയതാണ്.

## 3 നെൽപ്പാടങ്ങൾ

കുന്നുകൾക്കും മലകൾക്കുമിടയിൽ ചെറിയ ചെറിയ പാടശേഖരങ്ങൾ ഒററപ്പെട്ടുകിടക്കുന്നു. മഴയിൽനിന്നും ലഭിക്കുന്ന വെള്ളം ശേഖരിച്ച് നിലനിർത്താൻ കഴിയുന്ന പാടങ്ങളിൽ നെൽകൃഷി ചെയ്ത് വരുന്നു. വെള്ളത്തിൻെറ ലഭ്യതയനുസരിച്ച് ഒരുപ്പൂ, ഇരുപ്പൂ കൃഷികൾ നടത്തുന്ന പാടശേഖരങ്ങളുണ്ട, മാറികപ്പാടം, മൂങ്ങാംകുന്ന്പാടം. പാട്ടുപാളത്താഴംപാടം, പുത്തൻപുരത്താഴംപാടം, കോഴിപ്പിള്ളികാവും ഭാഗം പാലക്കുഴകാവും ഭാഗം തുടങ്ങിയ പാടശേഖരങ്ങൾ നെൽകൃഷിക്ക് ഉപയുക്തമായ മണ്ണുള്ളവയാണു നെൽകൃഷി ലാഭകരമല്ലാത്തതിനാൽ മററു നാണ്യവിളകളിലേക്ക് പാടങ്ങൾ മാററപ്പെട്ടുകൊണ്ടിരിക്കുന്നു.

## 4 പാറക്കൂട്ടങ്ങൾ മററിനങ്ങൾ

മൺ പാളികളില്ലാത്തതുകൊണ്ട് ഇവിടം കൃഷിക്കുപയുക്തമല്ല.

## ജനപ്രകൃതി

1991 കാനേഷുമാരി കണക്കനുസരിച്ച് പാലക്കുഴയിലെ ജനസംഖ്യ 12773 ആണ്. ഇതിൽ 6358 പുരുഷൻമാരും 6415 സ്ത്രീകളുമാണ്. വാർഡുതിരിച്ചുള്ള കണക്കുകൾ പട്ടികയിൽ കാണാം. ശരാശരി വീടൊന്നിന് അംഗസംഖ്യ 4 ആണ്. സംസ്ഥാന ശരാശരി 5.6 ആണ്. ച. കി. മീററിന് 574 ആണ് ജന സാന്ദ്രത.

പട്ടിക II

| വാർഡ് | പുരുഷൻമാർ | സ്ത്രീകൾ | ആകെ |
|---|---|---|---|
| I | 885 | 905 | 1790 |
| II | 875 | 875 | 1748 |
| III | 795 | 773 | 1568 |
| IV | 908 | 882 | 1790 |

| | | | |
|---|---|---|---|
| V | 882 | 856 | 1738 |
| VI | 566 | 599 | 1165 |
| VII | 696 | 753 | 1449 |
| VIII | 753 | 772 | 1525 |
| ആകെ | 6358 | 6415 | 12773 |

സാക്ഷരതാ നിരക്ക് 95% ആണ്. 15 വയസിനുമേൽ പ്രായമുള്ളവരിൽ 55% S. S. L. C. പാസായവരാണ്. ബിരുദധാരികൾ 421 പേർ ഉണ്ട്. ബിരുദാനന്തര ബിരുദമുള്ളവരുടെ എണ്ണം 96 ആണ്. ജനസംഖ്യയിൽ 35% ആളുകൾ വിവിധ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നു.

പട്ടിക III-തൊഴിലെടുക്കുന്നവരുടെ എണ്ണം (കാനേഷുമാരി'91)

| | പു | സ്ത്രീ | ആകെ |
|---|---|---|---|
| മുഖ്യതൊഴിലുകൾ | 3323 | 613 | 3936 |
| ഭാഗികതൊഴിലുകൾ | 262 | 166 | 528 |
| ആകെ | 3585 | 779 | 4464 |

സ്ത്രീ തൊഴിൽ പങ്കാളിത്ത നിരക്ക് 15% ആണ്.

പട്ടികയിൽ നിന്നും പ്രകടമാകുന്നത് സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്ക് പുരുഷൻമാരുടേതിനെ അപേക്ഷിച്ച് കുറവാണെന്നതാണ്. പ്രത്യക്ഷ വരുമാനം നൽകുന്ന തൊഴിലുകളിൽ സ്ത്രീകളുടെ പങ്കാളിത്തം വളരെ കുറവാണ് തൊഴിലാളികളുടെ എണ്ണം വിവിധമേഖലകളിൽ മുഖ്യ തൊഴിലുകാർ മാത്രം (കാനേഷുമാരി 1991)

പട്ടിക IV

| | തൊഴിൽ | പുരുഷൻമാർ | സ്ത്രീകൾ | ആകെ |
|---|---|---|---|---|
| 1 | കൃഷിക്കാർ | 1159 | 60 | 1219 |
| 2 | കർഷകതൊഴിലാളികൾ | 819 | 253 | 1072 |
| 3 | മൃഗ പരിപാലനം | 343 | 17 | 360 |
| 4 | പാറപൊട്ടിക്കൽ | 50 | — | 50 |
| 5 | വ്യവസായം | 36 | 60 | 96 |
| 6 | കെട്ടിട, റോഡ് നിർമ്മാണം | 104 | 29 | 133 |
| 7 | ഫർണിച്ചർ നിർമ്മാണം | 323 | 18 | 341 |
| 8 | ഗതാഗതം, വാർത്താവിനിമയം | 134 | 5 | 139 |
| 9 | മററുസേവനങ്ങൾ | 355 | 171 | 526 |
| | ആകെ | 3323 | 613 | 3936 |

മൊത്തം തൊഴിലാളികളിൽ സ്ത്രീകൾ 15% മാത്രമേ വരുന്നുള്ളൂ. എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ പേര രജിസ്ററർ ചെയ്തിട്ടുള്ളവർ 1344 ആണ്. അഭ്യസ്തവിദ്യരാണധികവും. തൊഴിലെടുക്കുവാൻ കഴിവുള്ളവരിൽ 25% വും ജോലിയില്ലാത്തവരാണ്. തൊഴിലില്ലായ്മ സ്ത്രീകളിലാണ് രൂക്ഷം. ജന സംഖ്യയിൽ 50% ഹിന്ദുക്കളും 44% ക്രിസ്ത്യാനികളും 6% പട്ടികജാതി/വർഗവുമാണ്. എല്ലാ ജാതികളിലും പാവപ്പെട്ടവരും പണക്കാരുമുണ്ട്. ജാതിമതഭേദമെന്യേ സൗഹൃദാന്തരീക്ഷത്തിൽ ജീവിക്കുന്നു

## ജലവിഭവങ്ങൾ

മുഖ്യമായും മഴയെ ആശ്രയിച്ചാണ് പാലക്കുഴയിൽ കാർഷികവ്യവസ്ഥ നിലനിൽക്കുന്നത്. വർഷത്തിൽ ശരാശരി 3500 മി. മീററർ മഴ ലഭിക്കുന്നു. ജൂൺ, ജൂലൈ മാസങ്ങളിൽ കാലവർഷത്തിൽ നിന്നാണ് അധികമഴ ലഭിക്കുന്നത്. ജനുവരി മുതൽ മെയ് അവസാനം വരെയും സാധാരണയായി ജലക്ഷാമം, പ്രത്യേകിച്ചും കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. മാറികത്തോട്, അല്ലക്കുഴത്തോട് എന്നിവയാണ് പ്രധാനപ്പെട്ട തോടുകൾ. വേനൽക്കാലാരംഭത്തോടുകൂടി വററി വരളുന്ന തോടുകളാണിവ മണിക്കുഴിപ്പാടം, മററപ്പനാട്, പുളിയാനിത്താഴം, വള്ളിത്തടം, പാലിയക്കുളം, വലിയകുളംപരത്താഴം, മാരാംകണ്ടംതാഴം, കല്ലിരിക്കുംകണ്ടംകുളം, വാകിശ്ശേരിത്താഴംകുളം, ഇടത്തിത്താഴംകുളം തുടങ്ങിയ കുളങ്ങളും സ്വകാര്യകിണറുകളുമാണ് പഞ്ചായത്തിൻെറ ജലസമ്പത്ത്. വേനൽക്കാലത്ത് ചുരുക്കം ചിലവയൊഴിച്ചു ബാക്കിയെല്ലാം വററിപ്പോകുന്നു. വററാത്ത കുളങ്ങളിൽ നിന്നുള്ള ജലലഭ്യത വളരെ കുറവാണ്.

## കൃഷി

മിക്കപ്രദേശങ്ങളിലും കൃഷി വ്യാപിച്ചിരിക്കുന്നു. തരിശുഭൂമി 6% വരും. 321 ഹെക്ടർ നെൽക്കൃഷിയുണ്ടായിരുന്നത് ഇപ്പോൾ 105 ഹെക്ടർ ആയിചുരുങ്ങി. റബ്ബർ, കൊക്കോ, തെങ്ങ്, കപ്പ, കന്നാര തുടങ്ങിയ മററുവിളകൾക്കു വേണ്ടി പാടങ്ങൾ ഉപയോഗിച്ചുവരുന്നു.

### പട്ടിക V ഭൂവിനിയോഗം

| | വിനിയോഗം | വിസ്തീർണ്ണം (ഹെക്ടർ) |
|---|---|---|
| 1. | നെല്ല് ഒന്നാം വിള | 87 |
| 2. | നെല്ല് രണ്ടാം വിള | 87 |
| 3. | നെല്ല് മൂന്നാം വിള | ഇല്ല |
| 4. | തെങ്ങ് | 484 |
| 5. | മിശ്രിതവൃക്ഷങ്ങൾ | 260 |
| 6 | തരിശ് (കൃഷിചെയ്യാത്തത്) | 13 |
| 7. | പയറും പച്ചക്കറികളും | 35 |
| 8. | ജലാശയങ്ങൾ (കുളം, കിണറ്) | 9 |
| 9. | ചതുപ്പ് | ഇല്ല |
| 10. | കുരുമുളക് | 30 |
| 11. | കമുക് | 10 |
| 12. | കശുമാവ് | 1 |
| 13. | ചെങ്കൽക്വാറി | ഇല്ല |

| | | |
|---|---|---|
| 14. | കപ്പ (മരച്ചീനി) | 60 |
| 15. | വാഴ | 25 |
| 16. | റബ്ബർ | 1125 |
| 17. | കന്നാര | 60 |
| | ആകെ | 2286 |

പൊതുജല സ്രോതസ്സുകളുടെ സംരക്ഷണം ഇല്ലാതായിരിക്കുന്നു. സ്വകാര്യ ജല സ്രോതസ്സുകൾ മററുള്ളവർക്ക് തുറന്നുകിട്ടുക വിഷമമാണ്.

കൃഷിയിടങ്ങളുടെ വിസ്തൃതി അനുസരിച്ച് കർഷകരെ മൂന്നായി വിഭജിക്കാം.

| നാമമാത്ര കർഷകർ (1 ഹെക്ടറിൽ താഴെ) | 1 മുതൽ 2 ഹെക്ടർ വരെ കൃഷിയുള്ളവർ | 2 ഹെക്ടറിൽ കൂടുതൽ ഉള്ള കൃഷിക്കാർ |
|---|---|---|
| 1243 | 794 | 280 |

## നിലവിലുള്ള കാർഷികോപകരണങ്ങൾ

| | | | |
|---|---|---|---|
| 1) | ട്രാക്ടർ | – | ഇല്ല |
| 2) | ടില്ലർ | – | 6 |
| 3) | നാടൻകലപ്പ | – | 70 |
| 4) | റോക്കർ സ്പ്രെയർ | – | 15 |
| 5) | നാപ്സാക് സ്പ്രെയർ | – | 41 |
| 6) | മെതിയന്ത്രം | – | ഇല്ല |
| 7) | തെങ്ങുകയററയന്ത്രം | – | ഇല്ല |
| 8) | പോർട്ടബിൾ പമ്പ്സെററ് | – | 10 |

9) തോടുകളിലും കുളങ്ങളിലും സ്ഥാപിച്ചിട്ടുള്ള സ്ഥിരം പമ്പു സെററുകൾ –96

പുളിക്കച്ചാൽ, മാറിക, വടക്കൻപാലക്കുഴ, മൂങ്ങാംകുന്ന്, പാലക്കുഴസെൻട്രൽ എന്നീ അഞ്ചു കേന്ദ്രങ്ങളിൽ രാസവളകടകൾ പ്രവർത്തിക്കുന്നു. രാസവളത്തിൽ നിന്നും ജൈവവളത്തിലേക്ക് മാറാനുള്ള പ്രവണത കർഷകരിൽ ഈയിടെയായി കണ്ടുവരുന്നു. വർഷത്തിൽ ശരാശരി 260-ടൺ രാസവളം കർഷകർ ഉപയോഗിക്കുന്നു. ഗ്രാമസഭകളിൽ നടന്ന ചർച്ചകളുടെ വെളിച്ചത്തിൽ കാർഷിക രംഗത്ത് ശ്രദ്ധിക്കേണ്ട കാര്യങ്ങളെ സംബന്ധിച്ചുള്ള നിർദ്ദേശങ്ങളും പ്രശ്നപരിഹാര മാർഗ്ഗങ്ങളും താഴെ ചേർക്കുന്നു.

### പ്രശ്നങ്ങൾ

1) നെൽകൃഷി പൊതുവെ ലാഭകരമല്ല.
2) കൃഷിയാവശ്യത്തിനുള്ള ജലദൗർല്ലഭ്യം.

3) ജലസേചന സൗകര്യങ്ങളുടെ അപര്യാപ്തത.
4) യന്ത്രോപകരണങ്ങൾ വേണ്ടത്ര ലഭ്യമല്ല.
5) രാസവളത്തിന്റെ വിലക്കൂടുതലും ജൈവവളത്തിന്റെ അഭാവവും.
6) കർഷകതൊഴിലാളികളുടെ എണ്ണം ഗണ്യമായി കുറഞ്ഞുവരുന്നു.
7) തെങ്ങുകൃഷിയെ കൊപുവേ ബാധിക്കുന്ന രോഗങ്ങൾ.

## നിർദ്ദേശങ്ങൾ – സാദ്ധ്യതകൾ

1) രണ്ടാം വാർഡിൽ തുടങ്ങി ഒന്നാം വാർഡിൽക്കൂടിപ്പോകുന്ന എം. വി. ഐ. പി യുടെ ഉപകനാൽ വില്ലൻപുഴ, പാറക്കാനം വഴി മെയിൻകനാൽ വരെ നീട്ടുക.

2) മണ്ണുകുഴിപ്പാടം, മറ്റപ്പനാട്, പുളിയാനിത്താഴം ഇവിടങ്ങളിൽ പൊതുകുളങ്ങൾ വേണം. പാട്ടുപ ഉളത്താഴത്ത് നിലവിലുള്ള കുളം വിപുലപ്പെടുത്തണം.

3) പുതിയ ഇനം കൃഷികളെക്കുറിച്ച് ബോധവൽക്കരണം നടത്തുകയും മണ്ണൊലിപ്പ് തടയുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്യണം.

4) കാർഷിക വിളകൾ വിററഴിക്കുന്നതിനുള്ള വിപണനസൗകര്യം കുറവാണ്. (മാർക്കററിംഗ് സൗകര മില്ല) പൊതുമാർക്കററ് സ്ഥാപിക്കണം.

5) വള്ളിത്തടത്തിൽ ജലസേചനത്തിനുവേണ്ടി ഒരു പുതിയ കുളം നിർമ്മിക്കണം.

6) നെൽകൃഷിക്കു ലഭിക്കുന്ന സബ്സിഡി നിരക്ക് ഉയർത്തണം.

7) അല്ലക്കുഴ തോടിന് സംരക്ഷണഭിത്തി കെട്ടണം.

8) ചാണാപ്പാടം തോട്ടിൽ ഒരു ചെക്ക് ഡാം കെട്ടണം, മാറിക തോട്ടിലും അല്ലക്കുഴതോട്ടിൽ ഭൂതക്കുഴി, തണുപ്പുംകുഴി (ലക്ഷംവീടുകോളനിക്കുതാഴെ) എന്നിവിടങ്ങളിൽ ചെക്കുഡാം കെട്ടണം.

9) കാനംമലയിൽ ലിഫ്ററ് ഇറിഗേഷൻ സൗകര്യം ഏർപ്പടുത്തണം

10) ഇലച്ചിക്കുന്നു ഭാഗത്തേക്ക് ഉപകനാൽ നിർമ്മിക്കണം

11) ചേലപ്പുഴ ഭാഗത്ത് കുഴൽക്കിണർ നിർമ്മിക്കണം.

12) പാലിയക്കുളത്തിലെ ചെളിയെടുത്തു മാററി കുളം വൃത്തിയാക്കണം.

13) ആശുപത്രി, സ്ക്കൂൾകോമ്പൗണ്ടുകളിൽ പച്ചക്കറിക്കൃഷി നടത്തണം.

14) നെരിച്ചിനാൽ പാടത്തിന്റെ അരികിലൂടെ ഒഴുകുന്ന തോടിന് സംരക്ഷണഭിത്തി കെട്ടുക,

15) പച്ചക്കറിക്കൃഷികളിൽ ഗ്രൂപ്പ്ഫാമിംഗ് ഏർപ്പെടുത്തുകയും സൗജന്യമായി വിത്തും വളവും ലഭ്യ മാക്കുകയും വേണം.

16) വലിയ കുളങ്ങരത്താഴംകുളം മണ്ണെടുത്തുനീക്കി ഉപയോഗയോഗ്യമാക്കണം.

17) നെൽക്കൃഷിക്ക് വിത്തും വളവും സൗജന്യമാക്കണം.

18) ഇല്ലിക്കുന്ന് ഉപകനാൽ വിപുലമാക്കണം.

19) ഔഷധ സസ്യക്കൃഷിയും, തീററപ്പുൽക്കൃഷിയും, പുഷ്പക്കൃഷിയും ആരംഭിക്കണം.

20) കാർഷികാവശ്യങ്ങൾക്ക് വൈദ്യുതി സൗജന്യമാക്കണം.

21 മണ്ണുപരിശോധനാ സൗകര്യം വേണം

22) മാറികപ്പള്ളിത്താഴം മഞ്ചാടി-ഇല്ലിക്കുന്ന് ലിഫ്റ്റ് ഇറിഗേഷൻ വേണം.

23) പാതിരിക്കര ഔസേപ്പിന്റെ വീടിനടുത്ത് കുളംകുഴിച്ച് കണ്ണാടികണ്ടം മുതൽ മാറികവരെ ജലസേചന സൗകര്യമുണ്ടാക്കുകയും പാടങ്ങൾക്ക് സംരക്ഷണഭിത്തികൾ കെട്ടുകയും വേണം.

24) തെക്കനാൽ ചെക്കുഡാമിൽ നിന്ന് ലിഫ്റ്റ് ഇറിഗേഷൻ സൗകര്യമുണ്ടാക്കണം.

25) വളത്തിനും കീടനാശിനിക്കും സബ്സിഡി ഏർപ്പെടുത്തണം.

26) തെങ്ങ്, കമുക കൃഷിക്കാർക്ക് പമ്പ്സെററ് സൗജന്യമായി നൽകണം.

27) പാറക്കടവ തെക്കനാൽചിറ ഉപകനാൽ പണിതീർക്കുക.

28) കല്ലേരിക്കുംകണ്ടം പഞ്ചായത്തുകുളം സൈഡ് ഭിത്തി കെട്ടി ജലസേചനത്തിന് ഉപയുക്തമാക്കുക.

29) കാർഷികാവശ്യങ്ങൾക്ക് യന്ത്രങ്ങൾ വിതരണം ചെയ്യുക,

30) നെൽപ്പാടങ്ങൾ മററു കൃഷികൾക്ക് ഉപയോഗിക്കുന്നത് നിരുത്സാഹപ്പെടുത്തുക,

31) കൃഷിക്കാർക്ക് 55 വയസ്സു കഴിയുമ്പോൾ പെൻഷൻ അനുവദിക്കുക.

32) കൃഷിഭവനിൽ നിന്നു നൽകുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ മുൻകൂട്ടി പരസ്യപ്പെടുത്തുക

33) ൺകൃഷി വ്യാപകമായ തോതിൽ പ്രോത്സാഹിപ്പിക്കുക.

34) നല്ലയിനം വിത്തുകൾ വിതരണത്തിനുവേണ്ടി പ്രാദേശികമായി ശേഖരിക്കുക.

35) നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ള വാട്ടർടാങ്കുകളിൽ എത്രയും വേഗം വെള്ളമെത്തിച്ച് വിതരണം നടത്തുക.

36) ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം ഏർപ്പെടുത്തുക.

37) കുഴിയാമ്പിത്താഴംകുളം പുനരുദ്ധരിക്കുക.

38) കേടുവന്ന തെങ്ങുകൾ വെട്ടിമാററുന്നതിന് ധനസഹായം വർദ്ധിപ്പിക്കുക

39) അടുക്കളത്തോട്ടനിർമ്മാണം പ്രോത്സാഹിപ്പിക്കുക.

40) കൃഷിഭവന്റെ നേതൃത്വത്തിൽ നേഴ്സറി തുടങ്ങുക

41) 7 ാം വാർഡിൽ നിർമ്മിക്കുന്ന കനാൽ ഇടത്തിൽ താഴം വരെ നീട്ടുക.

42) ഇടത്തിത്താഴംകുളം ആഴം കൂട്ടി ജല ലഭ്യത വർദ്ധിപ്പിക്കുക.

43) VII ാം വാർഡിൽ മരോട്ടിച്ചുവട് ഭാഗത്തം തടയണ നിർമ്മിക്കണം.

44) പാറക്കാവ് കുളത്തിന്റെ വിസ്തൃതി വർദ്ധിപ്പിക്കുക.

45) അല്ലക്കുഴത്താഴം, നടയോഗം, വേലത്തിത്തുറ, പേനാട്ടുതാഴം, ആമിക്കമെത്താഴം, എന്നിവിടങ്ങളിൽ തടയണകൾ നിർമ്മിക്കുക

46) കൃഷ്യാവശ്യത്തിനുള്ള ലഘുയന്ത്രങ്ങൾ, സ്പ്രെയറുകൾ തുടങ്ങിയവ സൗജന്യ നിരക്കിൽ ലഭ്യമാക്കണം
47) മണ്ണൊലിപ്പു തടയാൻ ധനസഹായം നൽകണം

## കാർഷിക രംഗത്തെ നടപ്പു പദ്ധതികളെക്കുറിച്ചുള്ള അവലോകനം

| ലക്ഷ്യം | | നേട്ടങ്ങൾ |
|---|---|---|
| **C. C. D. P.** | | |
| 1) ജലസേചന കിണറുകൾക്ക് സഹായം നൽകൽ | – 25 എണ്ണം | അപേക്ഷകൾ സ്വീകരിച്ചു തുടങ്ങിയിട്ടേയുള്ളു |
| 2) ജലസേചന പമ്പുസെററുകൾ | – 25 എണ്ണം | ,, |
| 3) ഫെർട്ടിലൈസർ കിററ് – തെങ്ങുകൃഷി | –645 കിററ്<br>–645 കർഷകർക്ക് | നടപടികൾ ആരംഭിച്ചു. |
| 4) തെങ്ങുകയററ യന്ത്രത്തിനു സഹായം | – 1 എണ്ണം | ,, |
| 5) റോക്കർ സ്പ്രെയർ | – 1 എണ്ണം | ,, |
| 6) ഇഞ്ചിക്കൃഷിവികസനം | – 1 ഹെക്ടർ | നടപടികൾ സ്വീകരിച്ചു. |
| 7) മഞ്ഞൾ പ്രദർശനത്തോട്ടം | - | |
| 8) നെല്ലുത്പാദന ബോണസ് | –110 ഏക്കർ | ഫണ്ട് ലഭിച്ചിട്ടുണ്ട്. |
| **I. D. P. S.** | | |
| കുരുമുളകു പുനരുദ്ധാരണം | — | നടപടികൾ പൂർത്തീകരിച്ചു. |
| (3–ാം വർഷം) | 3 ഹെക്ടറിന് | വിതരണം തുടങ്ങിയില്ല. |
| 1–ാം വർഷം | 2 ഹെക്ടറിന് — | ,, |

## മൂവാററുപുഴ വാലിഇറിഗേഷൻ പദ്ധതിയുടെ കീഴിൽ പാലക്കുഴ ലിഫ്ററ് ഇറിഗേഷൻ സ്കീം

| | |
|---|---|
| 1) പാലക്കുഴ ലിഫ്ററ്ഇറിഗേഷൻ സ്കീമിൽ ലിഫ്ററിനു ശേഷം Ch O മുതൽ 2300 മീററർ വരെ C. D- വർക്ക് ഉൾപ്പടെ | അടങ്കൽത്തുക 225 ലക്ഷം രൂപാ സർവ്വേ നടത്തി സ്ഥലം ഏററെടുക്കൽ പൂർത്തിയായി |
| 2) പാലക്കുഴ ലിഫ്ററ്ഇറിഗേഷൻ സ്കീമിൽ സംബുവെൽ, പമ്പ് ഹൗസ് തുടങ്ങിയ പണികൾ. | 200 ലക്ഷം രൂപാ സർവ്വേ നടത്തി സ്ഥലം ഏററെടുക്കൽ പൂർത്തിയായി |
| 3) ടി പദ്ധതിയിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ തുടങ്ങിയ പണികൾ | 10 ലക്ഷം |
| 4) ടി സ്കീമിൽ പാലക്കുഴ നോർത്ത് ഡിസ്ട്രിബ്യൂട്ടറി Ch O മുതൽ 250 മീ. റഗുലേററും അക്വിഡേററും ഉൾപ്പടെ | 20 ലക്ഷം രൂപാ സർവ്വേ പൂർത്തിയായി |

| | | |
|---|---|---|
| 5) | ടി സ്കീമിൽ നോർത്ത ഡിസ്ട്രിബ്യൂട്ടറി Ch 250 മീ. മുതൽ 1700 മീ. വരെ | 40 ലക്ഷം രൂപാ സർവ്വേ പൂർത്തിയായി |
| 6) | ടി സ്കീമിൽ Ch 1700 മീ. മുതൽ 1900 മീ. വരെ അക്വിഡക്ററ് ഉൾപ്പടെ | 20 ലക്ഷം രൂപാ സർവ്വേ പൂർത്തിയായി |
| 7) | ടി സ്കീമിൽ Ch 1900 മീ മുതൽ 3400 മീ വരെ | 48 ലക്ഷം രൂപാ സർവ്വേ പൂർത്തിയായി |
| 8) | ടി സ്കീമിൽ Ch 3400 മീ. മുതൽ 3600 മീ. ടെയിൽ എൻഡ് ഉൾപ്പടെ | 15 ലക്ഷം രൂപാ സർവ്വേ പൂർത്തിയായി |
| 9) | ടി സ്കീമിൽ കോഴിപ്പിള്ളി മെയിൻ ഡിസ്ട്രിബ്യൂട്ടറി Ch O മുതൽ 2000 മീ. വരെ | 31 ലക്ഷം രൂപാ സർവ്വേ പൂർത്തിയായി |
| 10) | ടി സ്കീമിൽ കോഴിപ്പിള്ളി മെയിൻ ഡിസ്ട്രിബ്യൂട്ടറി Ch 2000 മുതൽ 4107 മീ. | 35 ലക്ഷം രൂപാ സർവ്വേ പൂർത്തിയായി |
| 11) | ടി സ്കീമിൽ ഇല്ലിക്കുന്ന് മെയിൻ ഡിസ്ട്രിബ്യൂട്ടറി Ch O മുതൽ 1000 മീ. | 47 ലക്ഷം രൂപാ സർവ്വേ പൂർത്തിയായി |
| 12) | ടി സ്കീമിൽ Ch 1200 മീ മുതൽ 2000 മീ വരര | [illegible]0 ലക്ഷം രൂപാ സർവ്വേ പൂർത്തിയായി |
| 13) | ടി സ്കീമിൽ Ch 2000 മീ. മുതൽ 3160 മീ. വരെ | 30 ലക്ഷം രൂപാ സർവ്വേ പൂർത്തിയായി |
| 14) | ടി സ്കീമിൽ അമ്പലംകുന്ന് ദേവമാതാകുന്ന് മെയിൻ ഡിസ്ട്രിബ്യൂട്ടറി 3 കി മീ. Ch 1500 മീ, മുതൽ 3000 മീ. | 1 കോടി രൂപാ സർവ്വേ പൂർത്തിയായി<br>സർവ്വേ പൂർത്തിയായി |
| 15) | ടി സ്കീമിൽ ഹെഡ് റഗുലേററർ, പാലക്കുഴ മെയിൻ ഡിസ്ട്രിബ്യൂട്ടറി ക്രോസ റഗുലേററും ഇടതുകര മെയിൻ കനാലിന്റെ Ch 18710മയിൽ | 8 ലക്ഷം രൂപാ സർവ്വേ പൂർത്തിയായി |
| 16) | ടി സ്കീമിൽ വാളായിക്കുന്ന് മെയിൻ ഡിസ്ട്രിബ്യൂട്ടറി Ch O മുതൽ 1500 മീ. വരെ | 30 ലക്ഷം രൂപാ സർവ്വേ പൂർത്തിയായി |

| | |
|---|---|
| 17) ടി സ്ക്കീമിൽ വാളായിക്കുന്ന് മെയിൻ ഡിസ്ട്രിബ്യൂട്ടറി ഷകം ല03 Ch: 1500 മീ. മുതൽ 3000 മീ | രൂപാ 30 ലക്ഷം രൂപ |
| 18) ടി സ്ക്കീമിൽ മൂങ്ങാംകുന്ന് മെയിൻ ഡിസ്ട്രിബ്യൂട്ടറി Ch O മുതൽ 1500 മീ. വരെ | 0 ലക്ഷം രൂപാ സർവ്വേ പൂർത്തിയായി |
| 19) മൂങ്ങാംകുന്ന് മെയിൻ ഡിസ്ട്രിബ്യൂട്ടറി Ch 1500 മുതൽ 3000 മീ. വരെ | 40 ലക്ഷം രൂപാ സർവ്വേ പൂർത്തിയായി |
| 20) കൂത്താട്ടുകുളം മെയിൻ ഡിസ്ട്രിബ്യൂട്ടറി 4 കി. മീ. | 30 ലക്ഷം രൂപാ സർവ്വേ പൂർത്തിയായി |
| 21) ടി സ്ക്കീമിൽ മാറിക ഡിസ്ട്രിബ്യൂട്ടറി Ch O മുതൽ 1945 മീ. (അക്വിഡേറ്റുകൂടാതെ) | 35 5 ലക്ഷം രൂപാ സർവ്വേ പൂർത്തിയായി |
| 22) ടി സ്ക്കീമിൽ 1945 മുതൽ 3803 മീ. (അക്വിഡേറ്റുകൂടാതെ) | 37 ലക്ഷം രൂപാ സർവ്വേ പൂർത്തിയായി |
| 23) അക്വിഡേറ്റ് 265 മീ മുതൽ 405 മീറ്റർ 965 മീ. മുതൽ 1100 മീ 2135 മീ. മുതൽ 2365 മീ | 60 ലക്ഷം രൂപാ സർവ്വേ പൂർത്തിയായി |

## മൃഗസംരക്ഷണം

പശു. എരുമ, ആട്, പന്നി എന്നിവയാണ് പാലക്കുഴിയിലെ പ്രധാന വളർത്തുമൃഗങ്ങൾ. പക്ഷികളിൽ പ്രധാനപ്പെട്ടത് കോഴിയാണ്.

### പട്ടിക

| വളർത്തുമൃഗങ്ങളും പക്ഷികളും | എണ്ണത്തിൽ |
|---|---|
| 1980 | 1996 |
| പശു – 1834 | 1576 |
| കന്നുകുട്ടികൾ 420 | 380 |
| എരുമ – 65 | 40 |
| കാള .. 1200 | 12 |
| ആട് – 2200 | 1112 |
| കോഴി – 13500 | 14800 |
| താറാവ് – 760 | 170 |

കാളവണ്ടി - 28 ഇല്ല

കലപ്പ - 2600 198

വളർത്തുമൃഗങ്ങളുടെ സംഖ്യയിൽ വന്ന സാരമായ മാററങ്ങളെ കുറിച്ച് മേൽ പട്ടികയിൽ നിന്നും മനസിലാക്കാം. കാളകളം തീരെ ഇല്ലാതായിരിക്കുന്നു. കാളവണ്ടിയും കലപ്പയും അപൂർവ്വമായി മാത്രം ഉപയോഗിക്കപ്പെടുന്നു. മേച്ചിൽ പുറങ്ങളം കുറവായതിനാൽ ആടുവളർത്തലിലും സാരമായ കുറവ് ഉണ്ടായിട്ടുണ്ട്. കാർഷിക വൃത്തിയിൽ മൃഗങ്ങളുടെ ഉപയോഗം വളരെ കുറഞ്ഞു. നിലവിലുള്ള പശുക്കളിൽ 95% അത്യുല്പാദന ശേഷിയുള്ളതായതുകൊണ്ട് പാലിന്റെ ഉത്പാദനം ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. 1500 ഓളം കുടുംബങ്ങളം പശു വളർത്തലിൽ ഏർപ്പെട്ടിരിക്കുന്നു.

പഞ്ചായത്തിലാകെയുള്ള മൃഗ സംരക്ഷണ സംവിധാനം മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പാലക്കുഴ സെൻറൽ പ്രവർത്തിക്കുന്ന മൃഗാശുപത്രിയാണ്. ഇവിടെ സ്ഥിരം ഡോക്ടറില്ലാത്തതു ഒരു ന്യൂനതയാണ്.

5) സ്വകാര്യ ഇറച്ചിക്കോഴി വളർത്താൻ കേന്ദ്രങ്ങളം ഇപ്പോഴം നിലവിലുണ്ട്. പഞ്ചായത്തതൃത്തിക്കുന്നിൽ ഇപ്പോഴം 4 ക്ഷീരവ്യവസായ സഹകരണസംഘങ്ങൾ നല്ലരീതിയിൽ പ്രവർത്തിക്കുന്നുണ്ട്. വയ്ക്കോല്, പുല്ല്, തുടങ്ങിയവയുടെ ദൗർലഭ്യവും കാലിതീററയുടെ അമിതമായ വർദ്ധനയുമാണ് ഈ മേഖലയിലെ പ്രധാന പ്രശ്നം. മുട്ടക്കോഴി വളർത്തൽ വ്യവസായ അടിസ്ഥാനത്തിൽ നടത്തുന്നില്ല.

## പ്രധാനപ്രശ്നങ്ങൾ

1) കാലിതീററയിടെ വിലവർദ്ധനക്ക് ആനുപാതികമായി പാൽവില വർദ്ധിപ്പിച്ചിട്ടില്ല
2) കോഴി തീററയുടെ വിലകൂടുതലായ കാരണം കോഴിവളർത്തൽ വേണ്ടത്ര ലാഭകരമല്ല.
3) മൃഗാസ്പത്രിയിൽ സ്ഥിരമായി ഡോക്ടറില്ലാത്തതിനാൽ നേരിടുന്ന അസൗകര്യങ്ങളം.

## നിർദ്ദേശങ്ങളും സാധ്യതകളും

1. കാലിതീററ കുറഞ്ഞവിലക്ക് ലഭ്യമാക്കവാൻ വേണ്ട നടപടികൾ സ്വീകരിക്കുക
2 കാലിതീററ, കോഴിതീററ നിർമ്മിണയൂണിററുകൾ സഹകരണാടിസ്ഥാനത്തിൽ സ്വീകരിക്കുക.
3). ആസ്പത്രിയിൽ സ്ഥിരം ഡോക്ടറെ നിയമിക്കുക.
4. കോഴിവളർത്തലു, ഹാച്ചറിയും സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കുക
5 അലഞ്ഞുതുരുഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കുക
6. മാറികയിൽ I. C. D. P. സെൻറർ വേണം
7. ഇല്ലിക്കുന്നിൽ മൃഗാശുപത്രി വേണം
8. വടക്കൻ പാനക്കുഴയിൽ കൃത്രിമബീജകേന്ദ്രവും പാൽസൊസൈററിയും മൃഗാശുപത്രുയും വേണം.

## മത്സ്യബന്ധം

വേനൽക്കാലത്ത വളരെ രൂക്ഷമായ ജല ദൗർലഭ്യവും നേരിടുന്ന ഈ പഞ്ചായത്തിൽ മത്സ്യബന്ധനം വിജയകരമായി നടത്തുവാനുള്ള സാദ്ധ്യതകൾ വളരെ വിരളമാണ്. മത്സ്യബന്ധനം ഈ പഞ്ചായത്തിൽ ഇല്ല. ആയതിനാൽ ഈ വിഷയവുമായിബന്ധപ്പെട്ട പ്രശ്നങ്ങളം ഒന്നും തന്നെഇല്ല.

## പ്രശ്നങ്ങൾ

ഇല്ല

## നിർദ്ദേശങ്ങളും സാദ്ധ്യതകളും

1) ചുരുക്കം ചില വെള്ളം വററാത്ത കിണറുകളിലും കുളങ്ങളിലും ചെറിയതോതിൽ മത്സ്യം വളർത്തുക.

2) താഴ്ന്ന പാടങ്ങളിലെ കന്നാര കൃഷിക്ക് ഇടയിൽ വെള്ളത്തിൽ 6-മാസക്കാലം കൊണ്ട് വളർച്ച പൂർത്തിയാകുന്നഇനം മത്സ്യങ്ങളെ വളർത്താവുന്നതാണ്

## വ്യവസായം

എടുത്തുപറയത്തക്ക വ്യവസായസംരംഭങ്ങളൊന്നും നിലവിലില്ലാത്ത ഒരു പഞ്ചായത്താണ് പാലക്കുഴ. വ്യവസായസംരംഭങ്ങളിൽ ഏർപ്പെടുവാൻ മുന്നോട്ടുവന്ന സംരംഭകരും ഇവിടെ കുറവാണ്. വിദേശത്തുജോലിചെയ്യുന്നവർ 100-ൽപ്പരം പേരും അവരും ഈ പഞ്ചായത്തിൽ പുതിയ വ്യവസായസംരംഭങ്ങൾ തുടങ്ങാൻ താല്പര്യം കാണിക്കുന്നില്ല. പലരും പറമ്പുകൾ വാങ്ങുകയും വീടുകൾ നിർമ്മിക്കുകയും ചെയ്യുന്നതിൽ കൂടുതൽ താല്പര്യം കാണിക്കുന്നു. ആയതിനാൽ ഭൂമിയുടെ വില സാരമായി ഉയർന്നിട്ടുണ്ട്.

### വ്യവസായ യൂണിററുകളെ സംബന്ധിക്കുന്ന പട്ടിക

| വ്യവസായത്തിന്റെ തരം എണ്ണം | തൊഴിലാളികളുടെ എണ്ണം | 20-ൽ താഴെ | 20-നും 50-നും ഇടക്ക് | 50-നു മുകളിൽ | മൊത്തം യൂണിററ് | മൊത്തം തൊഴിലാളികൾ |
|---|---|---|---|---|---|---|
| റൈസ് മിൽ-16 | 20 പേർ | 16 | — | — | 16 | 20 |
| ഓയിൽമിൽ -1 | 3 പേർ | 1 | — | — | 1 | 3 |
| തേങ്ങാക്കൂട്ട് - 8 | 20 ,, | 8 | — | — | 8 | 20 |
| ബേക്കറി - 4 | 6 ,, | 4 | — | — | 4 | 6 |
| പലഹാരം ഉണ്ടാക്കി വില്ക്കുന്ന യൂണിററ് - 1 | 6 ,, | 1 | — | — | 1 | 6 |
| അലൂമിനിയ പാത്രം നിർമ്മിച്ച് വില്ക്കുന്ന യൂണിററ് - 1 | 3 ,, | 1 | — | — | 1 | 3 |
| ഫർണിച്ചർ നിർമ്മാണം - 1 | 8 ,, | 1 | — | — | 1 | 8 |
| പാക്കുവെട്ട് - 1 | 5 ,, | 1 | — | — | 1 | 5 |
| ആയുർവേദ മരുന്നു നിർമ്മിണം - 1 | 6 ,, | 1 | — | .. | 1 | 6 |
| റബ്ബർബാന്ഡ് നിർമ്മാണം - 1 | 5 ,, | 1 | — | — | 1 | 5 |
| പ്രിൻറിംഗ് പ്രസ് - 1 | 1 ,, | 1 | — | — | 1 | 1 |
| ഓട്ടോ വർക്ക്ഷോപ്പ് - 1 | 3 ,, | 1 | — | — | 1 | 3 |
| ഈർച്ച മില്ല് - 1 | 7 ,, | 2 | — | — | 2 | 7 |
| പ്ലാസ്ററിക് ഉൽപ്പന്ന നിർമ്മാണ യൂണിററ് - 1 | 3 ,, | 1 | — | — | 1 | 3 |
| | | 40 | — | — | 40 | 96 |

# വ്യവസായം II

സഹകരണമേഖലയിലോ പൊതു മേഖലയിലോ വ്യവസായങ്ങൾ ഒന്നും തന്നെയില്ല.



**പ്രശ്നങ്ങൾ**

1. പരമ്പരാഗത വ്യവസായ തൊഴിലാളികൾക്ക് പരിശീലനം ലഭിക്കാനുള്ള സംവിധാനം ഇല്ല.
2. കാർഷികോൽപ്പന്നങ്ങളായ റബ്ബർ, തെങ്ങ് എന്നിവയെ വ്യവസായ രംഗത്ത് പ്രയോജനപ്പെടുത്തുന്നില്ല.
3. വ്യവസായങ്ങൾ സ്ഥാപിക്കുവാൻ പറ്റിയ, ജലം സുലഭമായി ലഭിക്കുന്ന സ്ഥലമില്ല.
4. വ്യവസായ വികസന പ്ലോട്ടോ എസ്റ്റേറ്റോ ഇല്ല.
5. ഊർജ്ജ പ്രതിസന്ധി മറ്റൊരു പ്രശ്നമാണ്.

**നിർദ്ദേശങ്ങൾ/സാധ്യതകൾ**

1. റബ്ബർ സംസ്കരണ ഫാക്ടറി ആരംഭിക്കുക.
2. റബ്ബർ അധിഷ്ടിത വ്യവസായങ്ങൾ സഹകരണ മേഖലയിൽ ആരംഭിക്കുക.
3. സഹകരണാടിസ്ഥാനത്തിൽ പൈനാപ്പിൾ സംസ്കരണ യൂണിറ്റ് ആരംഭിക്കുക.
4. ഒരു ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങുകയും പൈനാപ്പിൾ നാരുപയോഗിച്ച് വസ്ത്ര നിർമ്മാണ യൂണിറ്റ് ആരംഭിക്കുക.
5. ഇല്ലിക്കുന്നിൽ പാൽ സംസ്കരണ യൂണിറ്റ് ആരംഭിക്കുക.
6. സഹകരണാടിസ്ഥാനത്തിൽ കാലിത്തീറ്റ, കോഴിത്തീറ്റ യൂണിറ്റ് ആരംഭിക്കുക.
7. കൊപ്രാ സംസ്കരണ യൂണിറ്റ് ആരംഭിക്കുക.
8. വനിതാ വ്യവസായ സഹകരണസംഘത്തിന്റെ ആഭിമുഖ്യത്തിൽ റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം ആരംഭിക്കുക.
9. വനിതാ വ്യവസായ സഹകരണ സംഘം രൂപീകരിച്ച് പ്ലാസ്റ്റിക് അധിഷ്ടിത വ്യവസായങ്ങള്, തീപ്പെട്ടി വ്യവസായം, മെഴുകു തിരി വ്യവസായം തുടങ്ങിയ വ്യവസായങ്ങൾ ആരംഭിക്കുക.
10. ബലൂൺ നിർമ്മാണ യൂണിറ്റ് ആരംഭിക്കുക.

# വ്യവസായം III

വിദഗ്ദരെ പങ്കെടുപ്പിച്ചു കൊണ്ട് വ്യവസായ ബോധവൽക്കരണ സെമിനാർ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ നടത്തുക.

**ഊർജ്ജവും ഗതാഗതവും**

പഞ്ചായത്തിൽ വൈദ്യുതി ലഭിക്കുന്നത് കൂത്താട്ടുകുളം 66KV സബ്സ്റ്റേഷനിൽ നിന്നുള്ള ഫീഡർ വഴിയാണ്. പഞ്ചായത്തിനുള്ളിൽ 16 ട്രാൻഫോർമറുകൾ ഉണ്ടെങ്കിലും വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നുണ്ട്. ഉപഭോക്താക്കളുടെ എണ്ണത്തിലും കണക്ടഡ് ലോഡിലും വർദ്ധനവുണ്ടായിക്കൊണ്ടിരിക്കുന്നു. ഉപഭോഗത്തിന്റെ 70% ഗാർഹിക വ്യവസായങ്ങൾക്കാണ്. 15 % കാർഷിക ആവശ്യങ്ങൾക്കും 8% വ്യാപാര ആവശ്യങ്ങൾക്കും 7% ചെറുകിട വ്യവസായ ആവശ്യങ്ങൾക്കും ഉപയോഗിച്ചു വരുന്നു.

**ഉപഭോക്താക്കളുടെ ഇനം തിരിച്ചുള്ള പട്ടിക**

| ഗാർഹികം | വ്യാപാരം | വ്യവസായ യൂണിറ്റുകൾ | കാർഷികം |
|---|---|---|---|
| 2057 | 187 | 28 | 89 |

പഞ്ചായത്തിലെ മൊത്തം വീടുകളിൽ 68% വീടുകളിലും വൈദ്യുതി കണക്ഷൻ ഉണ്ട്. പ്രധാന വൈദ്യുതി നഷ്ടം പ്രേഷണ വിതരണ സംവിധാനങ്ങളുടെ തകരാറു മൂലമാണ്. നഷ്ടം കുറക്കാനുള്ള സാധ്യതകൾ ഇവിടെ ധാരാളമുണ്ട്. ജംമ്പർ മെച്ചപ്പെടുത്തുക, വൈദ്യുതി ലൈനുകളിൽ മുട്ടിക്കിടക്കുന്ന മരച്ചില്ലകൾ മുറിച്ചു മാറ്റുക, ട്രാൻസ്ഫോർമറുകളുടെ സ്ഥാനവും ശേഷിയും പുനർ ക്രമീകരിക്കുക എന്നിവയാണ്. പല പോസ്റ്റുകളും വർഷങ്ങൾക്ക് മുമ്പ് സ്ഥാപിച്ചവയാണ്. അവ കാലപ്പഴക്കം കൊണ്ട് ദ്രവിച്ച് ലൈൻ താങ്ങി നിർത്തുവാൻ കെൽപ്പില്ലാത്തവയായിട്ടുണ്ട്. പഞ്ചായത്തിൽ മൊത്തം വഴിവിളക്കുകൾ പ്രകാശിപ്പിക്കുന്നതിന് 33 ട്യൂബുകളും 79 ബൾബുകളും ഉപയോഗിക്കുന്നുണ്ട്. പാചക വാതകം പഞ്ചായത്തിൽ ലഭ്യമാകാൻ തുടങ്ങിയത് 1985 നു ശേഷമാണ്. 120 കുടുംബങ്ങൾ പാചക വാതകം ഉപയോഗിക്കുന്നുണ്ട്. വൈദ്യുതിയുടെ അധിക ഉപയോഗവും വെളിച്ചത്തിനു വേണ്ടിയാണ്. 15 വീടുകളിൽ ഇന്ധനമായി ഗോവർ ഗ്യാസ് ഉപയോഗിക്കുന്നുണ്ട്. മിക്ക വീടുകളിലും പാചകാവശ്യങ്ങൾക്ക് വിറകാണുപയോഗിക്കുന്നത്.

**പ്രശ്നങ്ങൾ**

1. വോൾട്ടേജ് ക്ഷാമവും അപ്രഖ്യാപിത കട്ടും 2. വിറകിന്റെ ലഭ്യതക്കുറവും വില വർദ്ധനവും.

**നിർദ്ദേശങ്ങൾ സാധ്യതകൾ**

1. രണ്ടാം വാർഡിൽ കാവും ഭാഗത്ത് ട്രാൻസ് ഫോർമറുകൾ സ്ഥാപിക്കുക.
2. പള്ളിത്താഴം ഇല്ലിക്കുന്ന് റോഡിൽ 150 ത്രീ ഫേസ് ലൈൻ വലിക്കുക. എല്ലാ വാർഡിലേയും പ്രധാന റോഡുകളിൽ സ്ട്രീറ്റ് മെയിൻ വലിച്ച് വഴി വിളക്കുകൾ സ്ഥാപിക്കുക.
3. ചേലപ്പുഴ ഞറളംകുലുക്കി ഭാഗത്തേക്ക് പുതിയ ലൈൻ വലിക്കുക.
4. കാനംമല ഭാഗത്തേക്ക് വൈദ്യുതി എത്തിക്കുക.
5. മാറിക പാറക്കടവ് റോഡിൽ സഞ്ചാര തടസ്സമായി നിൽക്കുന്ന പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുക.
6. എല്ലാ വാർഡുകളിലേയും പ്രധാന കവലകളിൽ സൗരോർജ്ജ വിളക്കുകൾ സ്ഥാപിക്കുക.
7. പുകയില്ലാത്ത അടുപ്പുകളും സോളാർ കുക്കറുകളും സൗജന്യനിരക്കിൽ നൽകുക.
8. ദാരിദ്രരേഖക്ക് താഴെയുള്ളവർക്ക് കാലതാമസം കൂടാതെ വൈദ്യുതി കണക്ഷൻ എത്തിക്കുക.
9. ഗോവർ ഗ്യാസ് പ്ലാന്റിനുള്ള ധനസഹായം വർദ്ധിപ്പിക്കുക.
10. പട്ടികജാതി, പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കുക.

11. കണ്ണാടികണ്ടം, പള്ളിത്താഴം,മണ്ണാറക്കുന്ന്, അച്ചിലാം കുന്ന്, എന്നിവടങ്ങളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുക.
12. സോഫിയാ ജംഗ്ഷൻ വാളായിക്കുന്ന് ഭാഗത്ത് ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.

# ഗതാഗതം – റോഡുകൾ

33 കിലോമീറ്റർ ദൈർഘ്യമുള്ള പഞ്ചായത്തിലെ P.W.D.റോഡുകൾ പൊതുവെ സഞ്ചാര യോഗ്യമാണ്. എങ്കിലും വാർഷിക അറ്റകുറ്റപ്പണികൾ യഥാസമയം നടത്താഞ്ഞതു മൂലം യാത്രാ ക്ലേശം അനുഭവപ്പെടുന്നുണ്ട്. പഞ്ചായത്തു റോഡുകളുടെ മൊത്തം ദൈർഘ്യം 87 കിലോ മീറ്റർ ആണ്.

ഗതാഗതം

ഇതിൽ 12.5 കിലോമീറ്റർ ദൂരം ടാർ റോഡുകൾ ആണ്. എല്ലാ റോഡും അടിയന്തര അറ്റകുറ്റപ്പണികൾ അർഹിക്കുന്നവയാണ്. റോഡുകൾ മിക്കവയും മഴക്കാലത്ത് ഗതാഗത യോഗ്യമല്ല. കഴിയുന്ന ടാർ റോഡുകൾ നിർമ്മിക്കുകയും ഓടകൾ, കലുങ്കുകൾ എന്നിവ കൃത്യമായി കാത്തു സൂക്ഷിക്കുകയും ചെയ്താൽ റോഡുകളുടെ സ്ഥിതി മെച്ചപ്പെടും.

പ്രശ്നങ്ങൾ

നിർദ്ദേശങ്ങൾ/സാധ്യതകൾ

കരിമ്പന- മരുതനാട്ടുതാഴം, മരുതനാട്ടുതാഴം-കൊരങ്ങോലിത്തടം, മണ്ണത്തൂർക്കവല- വില്ലൻപുഴ, കരിമ്പന- ഓലിയാംകുന്ന്, മേരിഗിരി- ചാന്ത്യം എലച്ചിക്കുന്ന്, അഞ്ചുപങ്ക്-നെടുംപാറ, വടക്കൻ പാലക്കുഴ- മറ്റപ്പനാട്ട്, കണ്ണന്താഴത്ത്-എലച്ചിക്കുന്ന്, കരിമ്പന, കുഴക്കാട്ട് കുന്ന് ഉറുകുഴി- കുളിരാങ്കൽത്താഴം- വാളായിക്കുന്ന്- അമ്പലക്കുന്ന്, കുറുമുള്ളിപ്പാടം- കളപ്പുരയ്ക്കൽത്താഴം, പുടവക്കര മെമ്മോറിയൽ ഈന്തലാംകുഴി അമ്പലഞ്ഞാംകുന്ന്, കോഴിപ്പള്ളി- ഇടമനക്കുന്ന് എന്നീ റോഡുകൾ നിർമ്മിക്കുക.

# ഗതാഗതം

നിർദ്ദേശങ്ങൾ/ സാധ്യതകൾ

| | | |
|---|---|---|
| 2) നിരപ്പനത്താഴത്ത് | - | M.C.റോഡ് |
| ഉറുകുഴിത്താഴം | - | അമ്പാട്ടുതാഴം |
| വള്ളിത്തടം | - | കാവുംഭാഗം |
| കരിമ്പന | - | മരുതനാട്ടുതാഴം |
| കാവുംഭാഗം | - | കൂരംകുന്നുതാഴം |
| ഉപ്പുകണ്ടം | - | വട്ടക്കുഴിത്താഴം |
| വൻപിള്ളി | - | മൈലാടുംപാറ |
| കാനംമല | - | ചേലപ്പുഴത്താഴം |
| മൂങ്ങാംകുന്ന് | - | കാവുംഭാഗം |
| പമ്പുഹൗസ് | - | ഇടപ്പാട്ടുമല |
| പാലക്കുഴ | - | തമ്പിക്കോട്ടുചാൽ |
| പുത്തരിക്കത്തടം | - | മൂങ്ങാംകുന്ന് |
| ഇല്ലിക്കുന്ന് | - | പള്ളിത്താഴം |
| കന്നുള്ളംപാറ | - | മാറിക |
| കരിയിലത്തോട് | - | ഇല്ലിക്കുന്ന് |
| മാറിക | - | പാറക്കടവ് |
| പുഞ്ഞരിക്കത്തടം | - | മാറിക |
| കണങ്ങംപതി | - | ഇല്ലിക്കുന്ന് |
| വള്ളോപ്പിള്ളി | - | കാട്ടിൽഭാഗം |
| വള്ളോപ്പിള്ളി | - | വമ്പേനാട് |
| രണ്ടിലവുകൽ | - | അമ്പാട്ടുകണ്ടം |
| കണ്ണമംഗലം | - | വെള്ളിലാച്ചാൽ |
| തലച്ചിറത്താഴം | - | ഉദിയപ്പാറ |
| മാധവിപ്പാറ | - | തലച്ചിറത്താഴം |
| കേളക്കൊമ്പിത്താഴം | - | വമ്പേനാട് |
| കോച്ചുരുനിരപ്പ് | - | വെള്ളിലാത്തടം |
| വാരിശ്ശേരിത്താഴം | - | പുളിക്കമ്യാൽ |
| പരിത്തിപ്പള്ളി | - | കോച്ചുരുനിരപ്പ് |
| വരിശ്ശേരിത്താഴം | - | കോച്ചുരുനിരപ്പ് (കുഴിയോലിപ്പാടം) |
| കാരമല | - | ചിറ്റേത്തുകൂടി |
| കുളംകണ്ടം | - | കുമ്പളംപൊയ്ക |
| വമ്പേനാട് | - | വേങ്ങത്താനം |
| അയിനുമാക്കിൽ | - | വണ്ടമ്പ്ര റോഡ് |
| മണ്ണാറകുന്ന് | - | അച്ചിലാംകുന്ന് |
| ആലക്കത്തടം | - | അമ്പാട്ടുതാഴം |
| അമ്പലംകുന്ന് | - | കളപ്പുരത്താഴം |
| അമ്പാട്ടുകണ്ടം | - | മംഗലശ്ശേരിത്താഴം |
| കണ്ണമംഗലം | - | ഇടത്തിതാഴം |
| തേക്കനാച്ചിറ | - | മംഗലശ്ശേരിത്താഴം |
| ഇടത്തിത്താഴം | - | ആത്താനിക്കൽ |
| മൃഗാശുപത്രി | - | കാവുംഭാഗം (പുടവക്കരമെമ്മോറിയൽ) |
| പൊടിപാറ | - | ശ്മശാനം |
| ഹെൽത്ത്സെന്റർ | - | നെല്ലിക്കുന്ന് |
| കാരമല | - | പൂവക്കുളം |
| ചോനംമല | - | കൂത്താട്ടുകുളം |
| പാക്കുംപാറ | - | വാളായിക്കുന്ന് |
| അമ്പലംകുന്ന് | - | കുളിരാങ്കൽതാഴം |
| സോഫിയാ ജംഗ്ഷൻ | - | വടക്കുന്നേൽതാഴം |

എന്നീ റോഡുകൾ അറ്റകുറ്റപണികൾ നടത്തി ടാറുചെയ്ത് സഞ്ചാര യോഗ്യമാക്കുക.

കളപ്പുരത്താഴം - ചാന്ത്യംറോഡ് ടാർ ചെയ്യുക മാറിക- വടക്കുംമറ്റം, കുളങ്ങരത്താഴം- കാഞ്ഞിരക്കുഴി എന്നീ റോഡുകളും ടാർ ചെയ്യുക.

തൊടുപുഴയിൽ നിന്നും പുറപ്പുഴ വഴി ഇല്ലിക്കുന്നു കൂടി മുവാറ്റുപുഴയ്ക്ക് K.S.R.T.C. ബസ്സ് സർവ്വീസ് തുടങ്ങുക.

മുവാറ്റുപുഴ- കൂത്താട്ടുകുളം റോഡിൽ മൂങ്ങാംകുന്ന് കാവുംഭാഗം കൂടി K.S.R.T.C. ബസ്സ് മൂന്ന് ട്രിപ്പ് ഓടണം.

# വിദ്യാഭ്യാസം

പഞ്ചായത്തിൽ സ്കൂളുകളുടെ ആവിർഭാവത്തിന് മുൻപുള്ള കാലങ്ങളിൽ വിദ്യാഭ്യാസത്തിന് നേതൃത്വം നൽകിയിരുന്നത് കളരികളിലെ നാട്ടാശാൻമാരായിരുന്നു. ആക്കുളത്തിൽ കിഴക്കേക്കര ആശാനും, ഐക്യമ ആശാനുമൊക്കെ ഇന്നും പലരുടെയും ഓർമ്മകളിൽ നിലനിൽക്കുന്നു.

ആധുനികവിദ്യാഭ്യാസരംഗത്ത് നേട്ടങ്ങളുണ്ടാക്കിയത് പഞ്ചായത്തിൽ പിന്നീട് നിലവിൽ വന്ന സ്കൂളുകളും അവിടുത്തെ അദ്ധ്യാപകരുമാണ്. പാലക്കുഴയിൽ സെന്റ്.ജോൺസ് പള്ളിയുടെ ആഭിമുഖ്യത്തിൽ പ്രവർത്തനം ആരംഭിച്ച എൽ.പി. സ്കൂൾ ആണ് ആദ്യത്തെ വിദ്യാലയം. ഈ സ്ഥാപനം വളർന്ന് വലുതായതാണ് ഇന്നത്തെ ഗവ. മോഡൽ ഹൈസ്ക്കൂൾ. ഇതിനു പുറമേ ഈ പഞ്ചായത്തിൽ മൂന്ന് യു.പി. സ്കൂളുകളും ഒരു എൽ.പി. സ്കൂളും ഇപ്പോൾ നിലവിലുണ്ട്.

**പട്ടിക**

**വിദ്യാലയ വിവരങ്ങൾ**

| 1 | 2 | 3 | 4 | 5 | 6 | |
|---|---|---|---|---|---|---|
| S.L.No. | പേര് | സ്ഥലം വിസ്തീർണ്ണം | കുട്ടികളുടെ എണ്ണം | അദ്ധ്യാപകരുടെ എണ്ണം | പരിശീലന യോഗ്യത | |
| | | | | | B. Ed | TTC |
| 1) | ഗവ.മോഡൽ ഹൈസ്ക്കൂൾ പാലക്കുഴ | 6 ഏക്കർ | 1690 | 53 | 21 | 32 |
| 2) | യു.പി. സ്കൂൾ കാരമല | 1.5 ഏക്കർ | 196 | 11 | | 11 |
| 3) | യു.പി. സ്കൂൾ ഉപ്പുകണ്ടം | 1.25 ഏക്കർ | 170 | 8 | | 8 |
| 4) | എൽ.പി. സ്കൂൾ മാറിക | 1ഏക്കർ | 119 | 4 | | 4 |
| 5) | യു.പി. സ്കൂൾ ആരൂർ | 1.5 ഏക്കർ | 181 | 8 | | 8 |
| | ആകെ | 11.25ഏക്കർ | 2356 | 84 | 21 | 63 |

കഴിഞ്ഞ വർഷത്തെ കണക്കുകളുമായി താരതമ്യപ്പെടുത്തിയപ്പോൾ പഞ്ചായത്തിലെ സ്കൂളുകളിലെ കുട്ടികളുടെ അംഗസംഖ്യയിൽ 3.4% കുറവായിക്കാണുന്നു. ആൺകുട്ടികൾ 1290 ഉം പെൺകുട്ടികൾ 1066ഉം ആണ്.

**പട്ടിക**

**വിദ്യാലയ സൗകര്യങ്ങൾ**

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
|---|---|---|---|---|---|---|---|---|
| SL.No | പേര് | ആഫീസ് സൗകര്യം | സ്റ്റാഫ് മുറി | ലാബ്രട്ടറി | മൂത്രപ്പുര | ലൈബ്രറി | കക്കൂസ് | പാചക മുറി |
| 1) | G.M.H.S. പാലക്കുഴ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 2) | U.P.S കാരമല | | .. | ഇല്ല | | | | |
| 3) | U.P.S. ഉപ്പുകണ്ടം | | | | | | | |
| 4) | U.P.S. മാറിക | | | | | | | |
| 5) | U.P.S. ആരൂർ | .. | | .. | | | | |

സാമ്പത്തികമായി ഉയർന്ന നിലവാരമുള്ള കുടുംബങ്ങളിലെ 50 ഓളം കുട്ടികൾ പഞ്ചായത്തിനു വെളിയിലുള്ള ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ ചേർന്ന് പഠിച്ചു വരുന്നു. പഞ്ചായത്തിന്റെ അതിർത്തി പ്രദേശങ്ങളിൽ നിന്നുള്ള 100 കുട്ടികൾ പഞ്ചായത്തിന് വെളിയിലുള്ള സമീപ പ്രദേശങ്ങളായ വഴിത്തല, കൂത്താട്ടുകുളം, വടകര, ആരക്കുഴ തുടങ്ങിയ സ്ഥല

അടുത്തുള്ള സ്കൂളുകളിൽ ചേർന്ന് പഠിച്ചുവരുന്നു.

സ്കൂളുകളിലേയ്ക്കുള്ള ശരാശരി ദൂരം ഏകദേശം താഴെ കാണിയ്ക്കും പ്രകാരമാണ്.

| ഇനം | ശരാശരി ദൂരം | പരമാവധി ദൂരം |
|---|---|---|
| ലോവർ പ്രൈമറി | 1.3 KM | 2 KM |
| അപ്പർ പ്രൈമറി | 2.6 KM | 3KM |
| ഹൈസ്കൂൾ | 3KM | 5KM |

പഞ്ചായത്തിലെ അധ്യാപകരിൽ ഭൂരിഭാഗവും സ്ത്രീകളാണ്.

**S.S.L.C. വിജയശതമാനം**

1971 ൽ സ്ഥാപിതമായ ഹൈസ്കൂളിലെ വിജയ ശതമാനം വർഷങ്ങളായി 90 ന് മുകളിലാണ്.

പട്ടിക

| 1 | 2 | 3 | 4 |
|---|---|---|---|
| വർഷം | മൊത്തം വിദ്യാർത്ഥികൾ | വിജയിച്ചവർ | % |
| 1992 | 229 | 221 | 96.8 |
| 1993 | 233 | 227 | 97.4 |
| 1994 | 238 | 234 | 98.3 |
| 1995 | 243 | 239 | 98.4 |
| 1996 | 224 | 218 | 97.3 |

സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ 3 അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്. സ്കൂളുകളോടനുബന്ധിച്ച് 3 പ്രൈമറി സ്കൂളുകളുണ്ട്.

**പ്രശ്നങ്ങൾ**

1) മോഡൽ ഹൈസ്കൂളിൽ ആവശ്യത്തിന് ക്ലാസ്സ് മുറികളും ഫർണിച്ചറുകളും ഇല്ല.

2) കുട്ടികളുടെ എണ്ണം കുറയുന്നതിനാൽ ഡിവിഷൻ കുറയാനുള്ള സാദ്ധ്യത മിക്ക സ്കൂളിലും നിലനിൽക്കുന്നു.

**നിർദ്ദേശങ്ങൾ/സാദ്ധ്യതകൾ**

1) പാലക്കുഴ ഹൈസ്കൂളിനോട് അനുബന്ധിച്ച് ടെക്നിക്കൽ സ്കൂൾ അനുവദിക്കുക

2) പ്ലസ് 2 അനുവദിക്കുക

3) ആരൂർ U.P. സ്കൂളിലേയ്ക്കുള്ള വഴി നന്നാക്കണം. കുടിവെള്ളക്ഷാമം പരിഹരിക്കണം

# കുടി വെള്ളവും പൊതുജനാരോഗ്യവും

പഞ്ചായത്തിലെ മുഖ്യ കുടിവെള്ള സ്രോതസ്സ് സ്വകാര്യകിണറുകളും, ഉറവകളും, കുഴൽ കിണറുകളും, പൊതുകിണറുകളും ആണ്. കുഴൽകിണറുകളിൽ നിന്ന് പ്രത്യേകിച്ച് കോളിഫിള്ളിക്കാവുംരോഗത്തിനുമിന് ലഭിക്കുന്ന ജലമാണ് പഞ്ചായത്തിന്റെ പതുക്കം ചില ഭാഗങ്ങളിൽ ടാപ്പുകൾ വഴി ലഭിക്കുന്നത്. സ്വകാര്യകിണറുകൾ 1586 എണ്ണം ഉണ്ട്. മൊത്തം കുടുംബങ്ങളിൽ 67%നും സ്വന്തമായി കിണറുകൾ ഉണ്ട്. അതിൽ 25% കിണറുകളിൽ മാത്രമേ വേനൽക്കാലത്തും ആവശ്യത്തിന് വെള്ളം ലഭിക്കുകയുള്ളു. ശുദ്ധതയുള്ള ഈ കിണറുകളെ ഉടമസ്ഥർക്കു പുറമേ അയൽവാസികളും കുടിവെള്ളത്തിനു വേണ്ടി ആശ്രയിക്കുന്നു. മീങ്കോലിയിലും, കല്ലോലിതൊടും തുടങ്ങി ചില സ്ഥലങ്ങളിലെ നീരുറവുകൾ വേനൽക്കാലത്ത് നിരവധി കുടുംബങ്ങൾക്ക് കുടിവെള്ളം നൽകുന്നുണ്ട്.

പഞ്ചായത്തിന് മൊത്തം 12 പൊതുകിണറുകൾ ഉണ്ട്. ഇതും വേനൽക്കാലത്ത് ഒരു പരിധിവരെ കുടിവെള്ള ആവശ്യം നിറവേറ്റുന്നു. പഞ്ചായത്തിൽ അഞ്ച് കുഴൽകിണറുകൾ ഉള്ളതിൽ രണ്ടെണ്ണത്തിൽ നിന്ന് മാത്രമേ വേനൽക്കാലത്തു ജലം ലഭിക്കുന്നുള്ളു. അതിൽ പാലക്കുഴയിലുള്ള കുഴൽകിണറ്റിലെ ജലത്തിന് ദുസ്സ്വാദുള്ളതിനാൽ കുടിവെള്ളത്തിന്

ഉപയുക്തമല്ല. ഇപ്പോൾ ഉപയോഗ യോഗ്യമായിട്ടുള്ളത് കോട്ടിക്കുളിക്കാവുംഭാഗത്തെ കുഴൽകിണർ മാത്രമാണ്. കുഴൽകിണറുകളുടെ ആവിർഭാവത്തോടെ പരിസര പ്രദേശങ്ങളിലെ സാധാരണ കുളങ്ങളും കിണറുകളും നിരെ വറ്റിപ്പോയിരിക്കുന്നു. വേനൽക്കാലത്ത് ലോറികളിൽ കുടിവെള്ളം എത്തിച്ചു കൊടുക്കുന്ന പതിവ് കഴിഞ്ഞ ഏതാനും വർഷമായി പഞ്ചായത്തിൽ തുടർന്ന് വരുന്നു.

## പ്രശ്നങ്ങൾ

1) മണ്ണിനടിയിൽ കരിങ്കൽ പാറകൾ ഉള്ളതിനാൽ കിണറുകൾ കുഴിക്കുന്നതിന് ബുദ്ധിമുട്ടുണ്ടാകുന്നു..

2) കുഴൽ കിണറുകളിൽ പ്രതീക്ഷിച്ചത്ര വെള്ളം കിട്ടുന്നില്ല.

3) കുഴൽകിണറുകൾ നിലവിലുള്ള നീരുറവകൾ വറ്റുന്നതിന് കാരണമാകുന്നു.

## നിർദ്ദേശങ്ങൾ/സാദ്ധ്യതകൾ

1) എരച്ചിക്കുന്നു മലയിലെ വാട്ടർ ടാങ്കിന്റെ പണിപൂർത്തീകരിച്ച് ആക്കൊട്ടയിൽ നിന്നും വെള്ളമെത്തിക്കുക. അരമ്പക്, പാറക്കാടം, മരുതനാടിഭാഗം, ഓലിയാംകുന്ന് ഹരിജൻ കോളനി, വിളത്താതം ഭാഗം എന്നിവിടങ്ങളിൽ ടി ടാങ്കിൽ നിന്നും കുടിവെള്ളം എത്തിക്കുക.

2) കാവുംഭാഗത്ത് വാട്ടർ ടാങ്ക് പണിത് കൊല്ലിത്താഴം, നിരക്കിൽഭാഗം, കക്കാട് ഭാഗം എന്നിവിടങ്ങളിൽ കുടിവെള്ളം എത്തിക്കുക.

3) ഇലച്ചിക്കുന്നിൽ നിന്നും പുതിയിക്കൽ ഭാഗത്തേയ്ക്കു വരുന്ന പൈപ്പു ലൈൻ കിഴക്കേത്ത് ഭാഗം വരെ നീട്ടുക.

4) ചാരംചിറ ഭാഗത്തേയ്ക്ക് പൈപ്പ് ലൈൻ നീട്ടുക.

5) പമ്പ് ഹൗസിൽ നിന്നും ഇടക്കാട്ട് മലയിലേയ്ക്ക് പൈപ്പ് ലൈൻ നീട്ടുക.

6) കാനം മലയിൽ കുടിവെള്ളം എത്തിക്കുക.

7) ഇല്ലിക്കുന്ന് ഭാഗത്ത് നിലവിലുള്ള ടാപ്പുകൾ പുനർനിർമ്മാണം ചെയ്യുക

8) ഭൂതല സർവ്വേ നടത്തി പുതിയ കുഴൽ കിണറുകൾ നിർമ്മിയ്ക്കുക

9) മഞ്ചാടി ഭാഗത്തേയ്ക്ക് പൈപ്പ് ലൈൻ നീട്ടുക

10) കന്നുംകുളംപാറ, മാറിക കവല എന്നിവിടങ്ങളിലുള്ള പൈപ്പുകളിൽ കുടിവെള്ളം ലഭ്യമാക്കണം.

11) അച്ചിലാംകുന്ന്, പരപ്പാട്ട്, വള്ളോക്കിളി പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കണം.

12) കണ്ണാടിക്കണ്ടം, മിച്ചി എന്നിവിടങ്ങളിൽ കുടിവെള്ളം എത്തിക്കണം.

13) തലച്ചിറ, കിഴക്കേമല ഭാഗങ്ങളിലെ പൊതുകിണറുകളുടെ അറ്റകുറ്റപ്പണികൾ നടത്തുക

14) വെള്ളാംപാതി, കണ്ണമംഗലം ഭാഗങ്ങളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുക.

15) ആലയ്ക്കാതടം, അമ്പാട്ടുകോളനി പൈപ്പ് ലൈൻ 700 മീറ്റർ കൂടി നീട്ടുക.

16) മണ്ണാർകുന്ന്, അച്ചിലാംകുന്ന് ഭാഗത്തേയ്ക്ക് പൈപ്പ് ലൈൻ 500 മീറ്റർ നീട്ടുക.

17) കാട്ടിൽ ഭാഗത്ത് പൈപ്പ് ലൈൻ 500 മീറ്റർ നീട്ടുക.

18) വണ്ടമ്പ്ര ടാങ്കിൽ നിന്ന് വെള്ളം അയിനുമാക്കിത്താഴം, ഞെളിയവുകൽതാഴം, മാനാഗതതുതാഴം എന്നിവിടങ്ങളിൽ എത്തിക്കുക.

19) പൊടിപാറയിൽ നിന്നും പൊതു ശ്മശാനത്തിലേയ്ക്കുള്ള വഴിയിൽ കുടിവെള്ളം എത്തിക്കുക.

20) എടത്തിൽതാഴത്തുനിന്നും ആത്താനിക്കൽതാഴത്തേയ്ക്കു പൈപ്പു ലൈൻ നീട്ടുക.

21) വാളായിക്കുന്നിൽ ഹൈലെവൽ ടാങ്ക് നിർമ്മിച്ച് ജല വിതരണം നടത്തുക.

22) വെട്ടിക്കാട്ടുമല, കുവക്കാട്ടുകുന്നു ഭാഗത്തേയ്ക്ക് സോഫിയാ ജംഗ്ഷനിൽ നിന്നും പൈപ്പ് ലൈൻ നീട്ടുക.

23) പുലവക്കര മെമ്മോറിയൽ റോഡിലെ പൈപ്പു ലൈൻ 400 മീറ്റർ കൂടി നീട്ടി ടാപ്പുകൾ സ്ഥാപിക്കുക.

24) മംഗലത്തിപ്പാറയിൽ പൈപ്പ് ലൈൻ നീട്ടി ടാപ്പുകൾ സ്ഥാപിക്കുക.

25) ആരക്കുഴ പാലക്കുഴ വാട്ടർ സപ്ലൈ സ്കീം എത്രയും വേഗം പൂർത്തിയാക്കുക.

26) വടക്കൻ പാലക്കുഴയിൽ നിന്ന് കാവുംഭാഗത്തിന് 1000 മീറ്റർ പൈപ്പ് ലൈൻ നീട്ടിയിടുക

27) ടി ലൈനിൽ നിന്നും മരുതനാട്ട്താഴം, കരിമ്പന റൂട്ടിൽ 800 മീറ്റർ പൈപ്പ് ലൈൻ നീട്ടുക.

28) ടി ലൈനിൽ കാവുംഭാഗം കൊല്ലത്താഴം റോഡിൽ 500 മീറ്റർ പൈപ്പ് ലൈൻ നീട്ടുക.

29) കല്ലോലിക്കൽഭാഗത്തേയ്ക്ക് 500 മീറ്റർ പൈപ്പ് ലൈൻ നീട്ടുക

30) ഉപ്പുകണ്ടം ഭാഗത്തുനിന്നും കുകുമശേരിക്ക് 800 മീറ്റർ പൈപ്പ് ലൈൻ നീട്ടുക.

31) വെട്ടിക്കാട്ടു ഭാഗത്തേയ്ക്കു കുടി വെള്ളം എത്തിയ്ക്കുക.

32) മൂങ്ങാംകുന്ന് മംഗലത്ത് ഭാഗത്തേയ്ക്ക് 800 മീറ്റർ പൈപ്പ് ലൈൻ നീട്ടുക.

33) വൈമ്പിള്ളിത്താഴം പാഷിള്ളിക്കണ്ടം ഭാഗത്തേയ്ക്ക് 500 മീറ്റർ പൈപ്പ് ലൈൻ നീട്ടുക.

34) ചേലപ്പുഴ കാരക്കുന്നു ഭാഗത്തേയ്ക്ക് 800 മീറ്റർ പൈപ്പ് ലൈൻ നീട്ടുക

35) അമ്പാട്ടുകണ്ടം വള്ളോപ്പിള്ളി ഭാഗത്തേയ്ക്ക് പൈപ്പ് ലൈൻ 500 മീറ്റർ നീട്ടുക

36) പാലക്കുഴ തോട്ടിൽ ലക്ഷം വീടിന് മുൻവശത്ത് കുളിക്കടവ് നിർമ്മിയ്ക്കുക

37) പാലക്കുഴ തോട്ടിൽ ഓലിയാംകുന്ന് ഭാഗത്ത് കുളികടവ് നന്നാക്കുക.

38) മാറിക തേക്കനാച്ചിറ ചെക്കുഡാമിന് സമീപം കുളിക്കടവ് നിർമ്മിക്കുക.

39) മൂങ്ങാംകുന്നിൽ മാനന്തയിൽതാഴത്ത് കുളിക്കടവ് നിർമ്മിയ്ക്കുക.

40) 1-ാം വാർഡിൽ മിറ്റത്തനാനിക്കൽതാഴത്ത് കുളിക്കടവ് നിർമ്മിയ്ക്കുക

41) 2-ാം വാർഡിൽ വട്ടക്കുഴിത്താഴത്ത് കുളിക്കടവ് നിർമ്മിയ്ക്കുക.

42) 5-ാം വാർഡിൽ തെക്കേടത്ത്താഴെ കുളിക്കടവ് നിർമ്മിയ്ക്കുക.

43) 4-ാം വാർഡിൽ മാറികക്കവലയിൽ കുളിക്കടവ് നിർമ്മിയ്ക്കുക.

ചെറുകിട ജലസേചന പദ്ധതി

പാലക്കുഴ, മാറിക, മണ്ണുക്കുഴി എന്നി തോടുകളുടെ ഇരുപുറവും സംരക്ഷണ ഭിത്തി കെട്ടുക

## പൊതുജനാരോഗ്യം.

പാലക്കുഴയിലുള്ള P.H. സെന്റർ, കാവും ഭാഗത്തുള്ള ആയുർവ്വേദ ആശുപത്രി, കോഴിപ്പിള്ളി പുതുയ്ക്കാട്ടാലിലുള്ള ഹോമിയോ ഡിസ്പെൻസറി എന്നിവയാണ് പഞ്ചായത്തിലെ ഔദ്യോഗിക പൊതുജനാരോഗ്യ സംവിധാനങ്ങൾ. ഇതിന് പുറമെ മൂന്ന് മാതൃശിശു സംരക്ഷണ കേന്ദ്രങ്ങളും നിലവിലുണ്ട്. ഹോമിയോ ഡിസ്പെൻസറിയുടെ കെട്ടിടം പണി പൂർത്തിയായിട്ടുണ്ട്. വൈദ്യുതിയും വെള്ളവും ലഭിച്ചാൽ ഇപ്പോൾ വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഡിസ്പെൻസറി സ്വന്തം കെട്ടിടത്തിലേയ്ക്ക് മാറ്റാവുന്നതാണ്. P.H. സെന്ററിന് സ്വന്തമായി കെട്ടിടവും, ഡോക്ടർക്ക് താമസിക്കാനുള്ള കെട്ടിടവും 10 കിടക്കകളുടെ വാർഡുമുണ്ട്. വരൾച്ചമാസങ്ങളിൽ ജല ദൗർലഭ്യം മൂലം രോഗികളെ കിടത്തി ചികിത്സിക്കുവാൻ സാധിക്കുന്നില്ല. ആയുർവ്വേദ ആശുപത്രിക്ക് സ്വന്തം കെട്ടിടവും 15 കിടക്കകളുള്ള വാർഡും നിലവിലുണ്ട്.

പ്രശ്നങ്ങൾ

1) P.H. സെന്ററിൽ അത്യാവശ്യ മരുന്നുകൾ എല്ലാ സമയത്തും ലഭ്യമല്ല.

2) സ്വന്തമായി കക്കൂസ് ഇല്ലാത്ത 20% വീടുകൾ മറ്റൊരു പ്രശ്നമാണ്.

3) ആശുപത്രിയിൽ സ്ഥിരം ഡോക്ടറില്ല.

4) ആശുപത്രി വാർഡും ക്വാർട്ടേഴ്സും ചോർന്നൊലിക്കുന്നതു മൂലം രോഗികളെ കിടത്തി ചികിത്സിക്കുന്നതിനും ജീവനക്കാർക്ക് താമസിക്കുന്നതിനും സൗകര്യമില്ല

5) ജല ദൗർലഭ്യവും രോഗികളെ കിടത്തി ചികൽസിക്കുന്നതിന് തടസ്സം നിൽക്കുന്നു.

**നിർദ്ദേശങ്ങൾ/സാദ്ധ്യതകൾ**

1) അത്യാവശ്യ മരുന്നുകൾ ലഭ്യമാക്കുക

2) ആശുപത്രി പരിസരങ്ങൾ വൃത്തിയാക്കുക.

3) നിലവിലുളള ക്വാർട്ടേഴ്സ് ചോർച്ചമാറ്റി താമസ യോഗ്യമാക്കുക

4) കക്കൂസ് ഇല്ലാത്ത വീടുകൾക്ക് കക്കൂസ് നിർമ്മിച്ച് കൊടുക്കുക

5) ആരോഗ്യ ബോധവൽക്കരണം നടത്തുക

6) അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കാൻ സ്ഥിരം സംവിധാനം വേണം.

7) ആരോഗ്യ പ്രവർത്തകരുടെ ഫീൽഡ് വർക്ക് കാര്യക്ഷമമാക്കുക.

8) മാറികയിൽ ഹോമിയോ ഡിസ്പെൻസറി അനുവദിക്കുക

9) ആയുർവ്വേദ ആശുപത്രിയിൽ 2 ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്തുക. സാനിട്ടറി വർക്കറും പാചകക്കാരനും വേണം.

10) ആയുർവ്വേദ ആശുപത്രിയിൽ സ്ത്രീ പുരുഷൻമാർക്ക് പ്രത്യേക വാർഡുകൾ വേണം.

11) ആയുർവ്വേദ ആശുപത്രിയിൽ കൂടുതൽ കക്കൂസുകൾ വേണം.

ക്യാൻസർ

ക്ഷയം

ഹൃദ്രോഗം

ഒരു വയസ്സിൽ താഴെയുളള കുട്ടികളുടെ എണ്ണം

153

**പകർച്ചവ്യാധിവിവരങ്ങൾ**

| വർഷം | ജലജന്യരോഗങ്ങൾ | വായുജന്യരോഗങ്ങൾ | മറ്റുളളവ |
|---|---|---|---|
| 1993-94 | 247 | 839 | 8224 |
| 1994-95 | 185 | 4021 | 5523 |
| 1995-96 | 258 | 4194 | 1048 |

**P.H. സെന്ററിൽ ചികിൽസ ലഭിച്ച രോഗികളുടെ രോഗങ്ങളെ സംബന്ധിച്ച വിവരങ്ങൾ.**

| വർഷം | ചികിൽസയ്ക്ക് വന്നവർ | ത്വക്‌രോഗം | വാതം | പകർച്ചവ്യാധികൾ | മറ്റിനങ്ങൾ |
|---|---|---|---|---|---|
| 1992-93 | 10642 | 935 | 0 | 3520 | 6147 |
| 1993-94 | 9310 | | - | 1160 | 8150 |
| 1994-95 | 9729 | 265 | 12 | 4343 | 5109 |
| 1995-96 | 7500 | 326 | 10 | [illegible] | 2260 |

**ദമ്പതിമാർ പ്രായാടിസ്ഥാനത്തിൽ**

| | |
|---|---|
| 15 വയസ്സിനും 19നും ഇടയ്ക്ക് | 39 |
| 20-24 | 235 |
| 25-29 | 702 |
| 30-34 | 390 |
| 35-39 | |
| 40-44 | 77 |

**ഹോമിയോ ചികിൽസയ്ക്ക് വിധേയരായവർ**

| വർഷം | ചികിൽസയ്ക്ക് വന്നവർ | ത്വക്‌രോഗം | വാതം | പകർച്ചവ്യാധി | മറ്റിനങ്ങൾ |
|---|---|---|---|---|---|
| 1994-95 | 26229 | 15% | 25% | 40% | 20% |
| 1995-96 | 28617 | 18% | 14% | 45% | 23% |

**ജനന മരണ വിവരങ്ങൾ**

| വർഷം | ജനനം | മരണം |
|---|---|---|
| 1993-94 | 153 | 92 |
| 1994-95 | 112 | 99 |
| 1995-96 | 148 | 91 |

P.H. സെന്ററിൽ വിലകുറഞ്ഞ മരുന്നുകൾ മാത്രമേ രോഗികൾക്ക് ലഭ്യമാകുന്നുള്ളു. വില കൂടിയ മരുന്നുകൾ ഇങ്ങോട്ട് അനുവദിക്കുന്നുണ്ടെങ്കിലും അത് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രികളിലേയ്ക്ക് മാറ്റപ്പെടുന്നു.

**അമ്മമാരുടെ എണ്ണം**

| | |
|---|---|
| 124 | ഒരു കുട്ടി വീതം ഉള്ളവർ |
| 399 | രണ്ട് കുട്ടികൾ വീതം ഉള്ളവർ |
| 73 | രണ്ടിൽ കൂടുതൽ കുട്ടികൾ ഉള്ളവർ |

**അംഗവൈകല്യം ഉള്ളവർ**

| | |
|---|---|
| അന്ധർ | 7 |
| ബധിരർ | ഇല്ല |
| മൂകർ | 5 |
| ബധിരമൂകർ | 6 |
| ചലനവൈകല്യമുള്ളവർ | 3 |

**മന്ദബുദ്ധികൾ**

| | |
|---|---|
| 5 വയസ്സിൽ താഴെ | 1 |
| 6-10 | ഇല്ല |
| 11-15 | 1 |
| 16 നു മുകളിൽ | 3 |

**സ്ഥായിയായികാണപ്പെടുന്ന രോഗങ്ങൾ**

രക്തസമ്മർദ്ദം

പ്രമേഹം

# പാർപ്പിടവും സാമൂഹ്യക്ഷേമവും

പഞ്ചായത്തിലെ മൊത്തം വീടുകളിൽ 70% ഓടു മേഞ്ഞതാണ്. 15% ഓല മേഞ്ഞതും ബാക്കി കോൺക്രീറ്റ് മേല്പുരയുള്ളതുമാണ്. 5% വീടുകൾ മൊസൈക്ക് തറയുള്ളവയാണ്. 20% വീടുകൾ അടിയന്തിരമായി പുനർ നിർമ്മാണം അർഹിക്കുന്നവയാണ്. അധിക വീടുകളുടേയും ഭിത്തികൾ വെട്ടുകല്ലുകൊണ്ട് നിർമ്മിച്ചിട്ടുള്ളവയാണ്. ഓല മേഞ്ഞ ചെറിയ വീടുകളിൽ ഭൂരിഭാഗവും മൺഇഷ്ടിക കൊണ്ട് നിർമ്മിയ്ക്കപ്പെട്ടവയാണ്. ഭവന നിർമ്മാണ സഹകരണ സംഘം ഇല്ല. കുത്താട്ടുകുളം ഭവന നിർമ്മാണ സഹകരണസംഘത്തിന്റെ പ്രവർത്തന പരിധിയിൽ ഈ പഞ്ചായത്തും ഉൾപ്പെടുന്നു.

സാമൂഹ്യക്ഷേമ പദ്ധതികളിൽ ഉൾപ്പെടുത്തി 258 പേർക്ക് കക്കൂസ് പണിയാൻ ധന സഹായം നൽകിയിട്ടുണ്ട്. ദാരിദ്ര രേഖയ്ക്ക് താഴെ 1362 കുടുംബങ്ങൾ ഉണ്ട്. ഇതിൽ 48 കുടുംബങ്ങൾ SC/ST വിഭാഗത്തിൽ പെടുന്നു.വാർദ്ധക്യകാല പെൻഷൻ 7 പേർക്ക് നൽകി. ദാരിദ്രരേഖയ്ക്ക് താഴെയുള്ള 101 പേർക്ക്ധനസഹായം നൽകിയിട്ടുണ്ട്. അതിൽ 45 പേർ SC/ST വിഭാഗത്തിൽപ്പെടുന്നു.യ 107 പേർക്ക് കർഷകതൊഴിലാളി പെൻഷനും ഒരാൾക്ക് ക്യാൻസർ ചികിൽസക്കുള്ള ധനസഹായവും നൽകി.

## പ്രശ്നങ്ങൾ

1. അർഹതയുള്ള ധാരാളം പേർ അപേക്ഷ നൽകിയിട്ടും ധനസഹായം ലഭിക്കുന്നില്ല.

2. ദുർബ്ബല വിഭാഗക്കാർക്ക് ഭവന നിർമ്മാണത്തിനുള്ള സ്ഥലം അനുവദിക്കുന്നതിനുള്ള പദ്ധതി പഞ്ചായത്തിൽ ഫലപ്രദമായി നടപ്പാക്കുന്നില്ല

3. കെട്ടിടം നിർമ്മിക്കുമ്പോൾ പൊതുവഴിയിൽ നിന്നും 3 മീറ്റർ അകലം ഇടണമെന്നുള്ള നിബന്ധന മതിൽ നിർമ്മിക്കുന്നതിലും കർശനമാക്കുന്നത് ബുദ്ധിമുട്ടുണ്ടാക്കുന്നു

4. ട്രൈസം പദ്ധതി പ്രകാരം പരിശീലനം നേടുന്നവർക്ക് തൊഴിൽ ലഭിക്കുന്നില്ല.

## നിർദ്ദേശങ്ങൾ/സാദ്ധ്യതകൾ

1. പുറമ്പോക്കിൽ നിന്ന് കുടിയൊഴിപ്പിച്ചവരെ വീട് നിർമ്മിച്ച് പുനരധിവസിപ്പിക്കുക

2. കോളനികളിലെ വീടുകളുടെ അറ്റകുറ്റപ്പണികൾ നടത്തുക.

3. ഓല മേഞ്ഞ വീടുകൾക്ക് ഓടു മേയുന്നതിന് സഹായം നല്കുക.

4. ദാരിദ്രരേഖക്ക് താഴെയുള്ളവർക്ക് വീട് പുതുക്കിപ്പണിയുന്നതിന് ധനസഹായം നൽകുക.

5. ദുർബല വിഭാഗങ്ങൾക്ക് സർക്കാർ ചിലവിൽ ഇൻഷുറൻസ് ഏർപ്പെടുത്തുക.

6. ദുർബ്ബലവിഭാഗങ്ങളെ സഹായിക്കുവാൻ പ്രത്യേക ഫണ്ട് രൂപീകരിക്കുക

7. അനാഥർക്ക് വൃദ്ധമന്ദിരങ്ങൾ സ്ഥാപിക്കുക.

8. പ്രകൃതി ക്ഷോഭം. അപകടമരണം തുടങ്ങിയവയ്ക്കുള്ള നഷ്ടപരിഹാരം പഞ്ചായത്ത് മുഖേന നൽകുക.

# സംസ്കാരം

പഞ്ചായത്തിൽ നാല് ലൈബ്രറികളും റീഡിങ് റൂമുകളും നിലവിലുണ്ട്. കലാ കായിക രംഗങ്ങളിൽ പ്രവർത്തിക്കുന്ന 13 ക്ലബ്ബുകൾ പഞ്ചായത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്നു. ടി.വി. ദൃശ്യ കേന്ദ്രങ്ങൾ 3 എണ്ണമുണ്ട് പഞ്ചായത്തിൽ നാലു ക്ഷേത്രങ്ങളും എട്ട് പള്ളികളും ഉൾപ്പടെ 12 ആരാധനാലയങ്ങൾ ഉണ്ട്. കോൽക്കളി, അയ്യർക്കളി, ശാസ്താം പാട്ട്, ചവിട്ടു നാടകം, പരിച മുട്ടു കളി, മുടിയാട്ടക്കളി, ഉറക്കു പാട്ട്, ഗരുഡൻ തൂക്കം, ഓട്ടൻ തുള്ളൽ, കിളിപ്പാട്ട് തേക്കുപാട്ട്, ഞാറു നടീൽപ്പാട്ട് തുടങ്ങിയ കലകൾ പഞ്ചായത്തിൽ നിലവിലുണ്ടായിരുന്നവയും ഇപ്പോൾ ഇല്ലാതായിക്കൊണ്ടിരിക്കുന്നവയുമാണ്. ജാതി മത ഭേദമന്യേ ജനങ്ങൾ സൗഹൃദ അന്തരീക്ഷത്തിൽ ജീവിക്കുന്നു

## പ്രശ്നങ്ങൾ

1. സാസ്കാരിക രംഗത്ത് ഫലപ്രദമായി പ്രവർത്തിക്കുന്ന ഏജൻസികളില്ല.

2. വായന ശാലകളും റീഡിംഗ് റൂമുകളും പഞ്ചായത്തിന്റെ പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽ സ്ഥാപിതമായിട്ടില്ല

## നിർദ്ദേശങ്ങൾ/സാദ്ധ്യതകൾ

1. മൂങ്ങാം കുന്നിൽ ടി.വി. സ്ഥാപിക്കണം.

2. വടക്കൻ പാലക്കുഴ N.K.A.C. ക്ലബ്ബിൽ വായനശാല തുടങ്ങാൻ സാമ്പത്തിക സഹായം വേണം.

3. കാവും ഭാഗത്ത് വായനശാല വേണം.

4. സാക്ഷരതാ കേന്ദ്രങ്ങൾ ആരംഭിക്കണം.

5. പാലനിൽക്കും തടം കോളനിയിൽ ഒരു ടി. വി. സ്ഥാപിക്കണം.

6. വാലംപാറ വികാസ് ക്ലബ്ബിന് ഗ്രാന്റ് അനുവദിക്കുക.

7. മാറിക കവലയിൽ ഒരു ടി.വി. കേന്ദ്രവും വായനശാലയും വേണം.

8. എല്ലാ ക്ലബ്ബുകൾക്കും ഗ്രാന്റ് അനുവദിക്കണം.

9. N.S. ഇട്ടൻ സ്മാരക മന്ദിരത്തിന് പുനരുദ്ധാരണ സഹായം നൽകുക. വായന ശാലയും ടി.വി യും സ്ഥാപിക്കണം.

10. ഉപ്പുകണ്ടത്തിൽ 8.5 സെന്റ് പുറമ്പോക്ക് ഭൂമി വായനശാലക്ക് പതിച്ചു കൊടുക്കണം.

11. സ്വാതന്ത്ര സമര സേനാനി രാമൻ ഇളയതിന്റെ പേരിൽ ഒരു സ്മാരകം ഉപ്പുകണ്ടം പുറമ്പോക്കിൽ സ്ഥാപിക്കണം

12. പുളിക്കമ്യാലിൽ ഒരു ലൈബ്രറി വേണം.

13. വടക്കും പാലക്കുഴയിൽ ടി.വി. സ്ഥാപിക്കുക.

14. കുമാരനാശാൻ മെമ്മോറിയൽ ക്ലബ്ബിന് ഗ്രാന്റ് അനുവദിക്കുക

15. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സാസ്കാരിക നിലയങ്ങൾ സ്ഥാപിക്കുക.

# വനിത

ജനസംഖ്യയിൽ സ്ത്രീകളുടെ എണ്ണം പുരുഷന്മാരെ അപേക്ഷിച്ച് കൂടുതലാണ്. 6415 സ്ത്രീകളും 6358 പുരുഷന്മാരുമുണ്ട്. കർഷക തൊഴിലാളികൾ, അദ്ധ്യാപകർ എന്നീ മേഖലകളിലാണ് സ്ത്രീകൾക്ക് മുൻകൈയുള്ളത്. 10% കുടുംബങ്ങൾ വനിതകളുടെ നിയന്ത്രണത്തിലാണ്. പ്രത്യേക തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീകൾ 16% മാത്രമാണ് ബാക്കിയുള്ളവർ സ്വന്തം വീട്ടുപണികളിൽ 100% വ്യാപൃതരാണെങ്കിൽ കൂടി ആദായകരമായ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരായി പരിഗണിക്കപ്പെടുന്നില്ല. പൊതു പ്രവർത്തനത്തിന്റെ വിവിധ മേഖലകളിൽ വനിതകളുടെ പങ്കാളിത്തം വളരെ കുറവാണ്. സ്ത്രീകൾ മാത്രം പ്രവർത്തിക്കുന്ന ഒരു D.W.C.R.A. യൂണിറ്റും ചുരുക്കം ചില തയ്യൽ കേന്ദ്രങ്ങളും മാത്രമാണ് ഈ പഞ്ചായത്തിലുള്ളത്. അഭ്യസ്തവിദ്യരായ വനിതകളിൽ മിക്കവരും തൊഴിലില്ലാത്തവരാണ്.

## പ്രശ്നങ്ങൾ

1. പൊതുരംഗത്ത് വനിതകളുടെ പങ്കാളിത്തം വളരെ കുറവാണ്.

2. മിക്ക തൊഴിൽ മേഖലകളിലും സ്ത്രീകൾക്ക് അവസരം ലഭിക്കുന്നില്ല.

3. സ്ത്രീകളുടെ തൊഴിൽ സംരംഭങ്ങൾ വളർത്തിയെടുക്കുന്നതിൽ സംഘടിതമായ ശ്രമങ്ങൾ വളരെക്കുറവാണ്.

4. രാഷ്ട്രീയ പാർട്ടികളിൽ പോലും സ്ത്രീകൾക്ക് മതിയായ പ്രാതിനിധ്യം കാണുന്നില്ല.

## നിർദ്ദേശങ്ങൾ/സാദ്ധ്യതകൾ

1. ഒന്നാം വാർഡിൽ വനിതാ വ്യവസായ സഹകരണസംഘം സ്ഥാപിക്കുക.

2. സ്ത്രീ പീഡനത്തെക്കുറിച്ച് പരാതികൾ കേൾക്കുന്നതിനും പരിഹരിക്കുന്നതിനുമുള്ള ഉന്നതാധികാരകമ്മറ്റി പഞ്ചായത്ത് തലത്തിൽ വേണം.

3. സ്ത്രീ തൊഴിലാളികൾക്ക് കൂലി വർദ്ധന വേണം.

4. D.W.C.R.A. യൂണിറ്റുകൾ തുടങ്ങണം.

5. സ്ത്രീകൾക്ക് വേണ്ടി ബുക്ക് ബയന്റിംഗ് തുടങ്ങിയ നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുക.

6. സ്ത്രീകളെ അപമാനിക്കുന്ന അശ്ളീല പ്രദർശനങ്ങൾ തടയുക.

7. നിർദ്ധനരായ സ്ത്രീകൾക്ക് വിവാഹസഹായം നൽകുക.

8. അഭ്യസ്ത വിദ്യരായ വനിതകളേക്കുറിച്ച് സർവ്വേ നടത്തണം.

9. എട്ടാം വാർഡിൽ മഹിളാ സമാജം വേണം.

# സഹകരണമേഖല

പഞ്ചായത്തിലെ പ്രധാന സഹകരണ സ്ഥാപനം 1961 ൽ പ്രവർത്തനം ആരംഭിച്ച പാലക്കുഴ സർവ്വീസ് സഹകരണ ബാങ്ക് ആണ്. 7286 ഓഹരി ഉടമകളാണ് ഇപ്പോൾ ഇവിടെ നിലവിലുള്ളത്. ബാങ്കിന്റെ ഒരു ബ്രാഞ്ച് മാറികയിൽ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ 3 ജനറൽ സ്റ്റോറുകളും 5 രാസവള ഡിപ്പോകളും ഈ സംഘത്തിന്റെ കീഴിൽ പ്രവർത്തിക്കുന്നു. ജീവനക്കാരുടെ എണ്ണം 26 ആണ്. 13829674 രൂപ കാർഷിക ആവശ്യങ്ങൾക്കും 23273013 രൂപ മറ്റിനങ്ങൾക്കും വായ്പയായി ഈ സംഘത്തിലെ ഓഹരി ഉടമകൾക്ക് നൽകിയിട്ടുണ്ട്. കർഷകർക്ക് വേണ്ടി 95 - 96 ൽ 266 ടൺ രാസവളം വിതരണം നടത്തിയിട്ടുണ്ട്. പൊതുവെ സംഘത്തിന്റെ പ്രവർത്തനം ഓഹരി ഉടമകൾക്ക് പ്രയോജനപ്രദമാണ്. ഇതിനും പുറമേ പഞ്ചായത്തിൽ 4 ക്ഷീരസഹകരണ സംഘങ്ങൾപ്രവർത്തിക്കുന്നുണ്ട്. ദിവസം 1000 ലിറ്ററിലധികം പാൽ ഈ സംഘങ്ങൾ കൈകാര്യം ചെയ്യുന്നു. ഈ സംഘങ്ങളും കാര്യക്ഷമമായ പ്രവർത്തനം കാഴ്ച വയ്ക്കുന്നു.

<u>പ്രശ്നങ്ങൾ</u>

1. വികസന പ്രവർത്തനങ്ങളിൽ സഹകരണ സംഘങ്ങൾക്ക് നിർണ്ണായക പങ്കില്ല.
2. വനിതാ സഹകരണ സംഘങ്ങൾ രൂപീകരിക്കാൻ സാദ്ധ്യതകൾ ഉണ്ട്. അത് പ്രയോജനപ്പെടുത്തുന്നില്ല.

<u>നിർദ്ദേശങ്ങൾ/സാദ്ധ്യതകൾ</u>

1. വടക്കൻ പാലക്കുഴയിൽ ബാങ്കിന്റെ ശാഖ വേണം.
2. എല്ലാ വാർഡിലും വനിതാ വ്യവസായ സഹകരണ സംഘങ്ങൾ തുടങ്ങണം.

# പട്ടികജാതി പട്ടികവർഗ്ഗം

പട്ടിക വർഗ്ഗ വിഭാഗത്തിൽ പെട്ടവരാരും ഈ പഞ്ചായത്ത് അതിർത്തിക്കുള്ളിൽ താമസക്കാരായിട്ടില്ല. 750 പേരാണ് 1991 ലെ കാനേഷുമാരി കണക്കനുസരിച്ച് ഇവിടെ സ്ഥിരതാമസമാക്കിയിട്ടുള്ള പട്ടിക ജാതി വിഭാഗക്കാർ. ഇവരിൽ 373 പുരുഷന്മാരും 377 സ്ത്രീകളും ഉൾപ്പെടുന്നു. പഞ്ചായത്തിലെ ജനസംഖ്യയിൽ 5.87% മാത്രമാണ് പട്ടികജാതിക്കാർ. ഇവർ പഞ്ചായത്തിന്റെ വിവധ ഭാഗങ്ങളിലായി താമസിക്കുന്നു. അറിയപ്പെടുന്നതായി 2 ഹരിജൻ കോളനികളാണ് ഇപ്പോൾ നിലവിലുള്ളത്. ഇല്ലിക്കുന്ന് കോളനിയും പാലനിൽക്കുംതടം ഹരിജൻ കോളനിയും. ഈ കോളനികളിൽ നിന്നും സ്കൂളുകളിലേക്കുള്ള ദൂരം 1 കിലോമീറ്ററിനുള്ളിലായതു കൊണ്ട് അവിടുത്തെ കുട്ടികൾ സ്കൂളിൽ പോകുന്നവരാണ്. അഞ്ചും ആറും വീടുകൾ മാത്രം മുള്ള ഈ കോളനികൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ചിതറിക്കിടക്കുന്നതു കൊണ്ട് കോളനികൾക്ക് ലഭ്യമാകുന്ന ആനുകൂല്യങ്ങളൊന്നും തന്നെ ഇവകൾക്ക് ലഭ്യമാക്കിയിട്ടില്ല. ഈ വിഭാഗത്തിൽ പെട്ടവരുടെ പ്രധാന തൊഴിൽ മേഖല കൃഷിയാണ്.

<u>പ്രശ്നങ്ങൾ</u>

എല്ലാ പട്ടികജാതി കുടുംബങ്ങൾക്കും സ്വന്തമായി വീടുകളില്ല.

വൈദ്യുതി കണക്ഷൻ ലഭിച്ച വീടുകൾ വളരെ കുറവാണ്.

പല വീടുകളിലും കുടിവെള്ളം ഒരു പ്രശ്നമാണ്.

കാർഷികേതര മേഖലകളിലുള്ള തൊഴിൽ പങ്കാളിത്തം നാമ മാത്രമാണ്.

<u>നിർദ്ദേശങ്ങൾ/സാദ്ധ്യതകൾ</u>

1. വീടില്ലാത്ത എല്ലാ പട്ടികജാതിക്കാർക്കും വീട് നിർമ്മിച്ച് കൊടുക്കുക.
2. കക്കൂസില്ലാത്ത കുടുംബങ്ങൾക്ക് കക്കൂസിന് ധനസഹായം നല്കുക.
3. കുടിവെള്ളം ലഭ്യമല്ലാത്ത കോളനികളിൽ കുടിവെള്ളമെത്തിക്കുക.
4. പട്ടികജാതിക്കാർക്കുള്ള ആനുകൂല്യങ്ങളെപ്പറ്റി ബോധവൽക്കരിക്കുന്നതിനായി പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു ബോധവൽക്കരണ സെമിനാർ സംഘടിപ്പിക്കുക.
5. വൈദ്യുതി ഇല്ലാത്ത കോളനികൾ വൈദ്യുതീകരിക്കുക.
6. കോളനി സമ്പ്രദായത്തിലെ വീടുകളുടെ എണ്ണം പുനർ നിർണ്ണയം ചെയ്യുക.

7. പട്ടിക ജാതിക്കാർക്കു വേണ്ടി വ്യവസായ സഹകരണസംഘം രൂപീകരിച്ച് ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുക.

8. പാരമ്പര്യതൊഴിലുകൾക്ക് പ്രോത്സാഹനം നൽകുക.

9. വള്ളോപ്പിള്ളിൽ ഹരിജൻ ഭാഗത്തേക്ക് വഴി വെട്ടുക.

10. നാടൻ കലാ രൂപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ എടുക്കുക. (തുടികൊട്ട് പാട്ട്, മുടിയാട്ട് പാട്ട് തുടങ്ങിയവ)

11. വിദ്യാർത്ഥികൾക്കുള്ള ലംപ്സം ഗ്രാന്റ് തുക വർദ്ധിപ്പിക്കുക.

12. ഭൂമിയില്ലാത്ത ഹരിജനങ്ങൾക്ക് ഉടൻ ഭൂമിയും കിടപ്പാടവും കൊടുക്കുക.

# വിഭവ സമാഹരണം.

നൂറ്റാണ്ടുകളായി കൃഷിയെ മാത്രം ആശ്രയിച്ച് കഴിഞ്ഞു പോന്ന ഈ ഗ്രാമത്തിലെ മുഖ്യ വരുമാനമാർഗ്ഗം ഇപ്പോഴും കാർഷിക വിളകൾ മാത്രമാണ്. തെങ്ങും, കവുങ്ങും, കുരുമുളകും, പുൽതൈലവും സമൃദ്ധമായി വിളഞ്ഞിരുന്ന ഈ നാട്ടിൽ അടുത്ത കാലത്തായി കാർഷിക വിളകളുടെ സ്വഭാവത്തിൽ സമൂലമായ മാറ്റം ദൃശ്യമായിക്കൊണ്ടിരിക്കുകയാണ്. കമുക്, കുരുമുളക്, പുൽതൈലം എന്നിവ നാട്ടിൽ നിന്ന് ഏതാണ്ട് പൂർണ്ണമായും റബ്ബർ കൃഷിക്കും കന്നാര കൃഷിക്കും വഴി മാറിക്കഴിഞ്ഞു. തെങ്ങുകൃഷിയുടെ വിസ്തൃതി ഓരോ വർഷവും കുറഞ്ഞു കൊണ്ടിരിക്കുന്നു. സേവനതുറയിൽ നിന്നു ലഭിക്കുന്ന വരുമാനത്തിന്റെ തോത് ഈ പ്രദേശത്തിന്റെ സാമ്പത്തിക മേഖലയിൽ മുൻകാല ങ്ങളെ അപേക്ഷിച്ച് ഗണ്യമായ സ്വാധീന ശക്തിയായി വളർന്നു കൊണ്ടിരിക്കുന്നു. സംസ്ഥാനത്തിനു പുറത്തും വിദേശരാജ്യങ്ങളിലും വിവിധ സേവന തുറകളിലേർപ്പെട്ടിരിക്കുന്നവരുടെ വരുമാനം ഫലപ്രദ മായി ഈ പഞ്ചായത്തിന്റെ സാമ്പത്തിക ആസൂത്രണത്തിന്റെ പരിധിയിൽ വിനിയോഗിക്കപ്പെടുന്നില്ല. പഞ്ചായത്തിന്റെ ദൈനം ദിന പ്രവർത്തനാവശ്യങ്ങൾക്ക് കഴിഞ്ഞ നാലു വർഷമായി ലഭിച്ചു കൊണ്ടി രുന്ന വരുമാനത്തിന്റെ വിവരങ്ങളും അവയുടെ ചിലവിനങ്ങളും താഴെ പട്ടികയിൽ ചേർത്തിരിക്കുന്നു. പ്രധാന വരവിനങ്ങൾ

<u>പ്രധാന വരവിനങ്ങൾ</u>

| | 1992-93 | 1993-94 | 1994-95 | 1995-96 |
|---|---|---|---|---|
| 1. കെട്ടിട നികുതി Rs | 62232 | 102408 | 1067019 | 118482 |
| 2. തൊഴിൽക്കരം ഞെ | 53655 | 58375 | 69020 | 79435 |
| 3. വസ്തു കൈമാറ്റ നികുതി | 90704 | 171380 | 100729 | 45645 |
| 4. ലൈസൻസ് ഫീ | 7778 | 7875 | 9141 | 9395 |
| 5. വാടക | 2280 | 28.. | 22542 | 53444 |
| 6. അസ് ടൈഡ് ഫണ്ട് | 200200 | 197920 | 266100 | 254790 |
| 7. ഗ്രാന്റ് | 130851 | 558450 | 808462 | 503543 |
| 8. പലിശ | 62 | 3666 | 9115 | 43189 |
| 9. ലൈബ്രറി | 843 | 1236 | 1180 | 1857 |

<u>പ്രധാന ചിലവിനങ്ങൾ</u>

| | 1992-93 | 1993-94 | 1994-95 | 1995-96 |
|---|---|---|---|---|
| | Rs | Rs | Rs | Rs |
| 1. എസ്റ്റാബ്ളിഷ്മെന്റ് ചിലവുകൾ | 207170 | 300395 | 238104 | 368763 |
| 2. റോഡ് | 340546 | 302680 | 355621 | 855262 |
| 3. ഇലക്ട്രിസിറ്റി | 16924 | 16344 | 39941 | 29144 |
| 4. ലക്ഷം വീട് | | 240893 | 29711 | |

## പ്രശ്നങ്ങൾ

1. പഞ്ചായത്തിന്റെ വികസനാവശ്യങ്ങൾ നിറവേറ്റുന്നതിന് ആവശ്യമായ സാമ്പത്തിക വരുമാനം ഇല്ല.

2. പഞ്ചായത്തിലെ പ്രമുഖ ധനകാര്യ സ്ഥാപനങ്ങളെക്കൂടി വികസന പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുന്നില്ല.

3. ഗൾഫ് നാടുകളിലും മറ്റു വിദേശ രാജ്യങ്ങളിലും തൊഴിലെടുക്കുന്നവരുടെ വരുമാനം പൊതു വികസന പ്രവർത്തനങ്ങൾക്കുപയുക്തമാകുന്നില്ല.

4. സന്നദ്ധ പ്രവർത്തകരുടെ സേവനം ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നില്ല.

5. സംഭാവനകൾ (പണം, ഭൂമി, അധ്വാനം എന്നിവ) പരിഗണിക്കപ്പെടുന്നില്ല.

## നിർദ്ദേശങ്ങൾ/സാദ്ധ്യതകൾ

1. 9ാം പദ്ധതിയിൽ പഞ്ചായത്തിനുള്ള വിഹിതം ഫലപ്രദമായി വിനിയോഗിക്കുക.

2. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയായി പ്രത്യുല്പാദനപരമായ വികസനാവശ്യങ്ങൾക്ക് പണം കണ്ടെത്തുവാൻ ശ്രമിക്കുക.

3. വിദേശങ്ങളിൽ ജോലി ചെയ്യുന്നവരുടെ വരുമാനം പഞ്ചായത്തിന്റെ വികസനവുമായി ബന്ധപ്പെട്ട സംരംഭങ്ങളിലേക്കാകർഷിക്കുക. പഞ്ചായത്തിൽ സുലഭമായി കൃഷി ചെയ്തു വരുന്ന റബ്ബർ, നാളികേരം, കന്നാര തുടങ്ങിയവ അസംസ്കൃത വസ്തുവായി പുതിയ വ്യവസായങ്ങൾക്ക് നേതൃത്വം കൊടുക്കാവുന്നതാണ്. റബ്ബർ ഉൽപന്നങ്ങൾക്ക് വർധിച്ച വിപണന സാദ്ധ്യതകൾ ഉള്ള ഈ കാലത്ത് ഇവയുടെ ഉൽപാദനത്തിനു വേണ്ടി പഞ്ചായത്തൊരിസ്ഥ്യത്തിൽ ഒരു ലിമിറ്റഡ് കമ്പനി പരിഗണിക്കാവുന്നതാണ്.

4. വികസന പ്രവർത്തനങ്ങളിൽ ധനകാര്യ സ്ഥാപനങ്ങൾ, സാമൂഹ്യ സാംസ്കാരിക സംഘടനകൾ എന്നിവയെ പങ്കാളികളാക്കുക.

5. സന്നദ്ധ പ്രവർത്തകരുടെയും പെൻഷൻ പറ്റി കഴിയുന്നവരുടെയും സേവനം വിനിയോഗിക്കുക.

6. സംഭാവനകൾ (ഭൂമി, അദ്ധ്വാനം, പണം) സമാഹരിച്ച് വികസന പദ്ധതികളിൽ വിനിയോഗിക്കുക. പണമായും സ്ഥലമായും അദ്ധ്വാനമായും പൊതു ആവശ്യങ്ങൾക്ക് സംഭാവനകൾ നൽകുന്നതിന് പഞ്ചായത്തിലെ എല്ലാ ഗ്രാമ സഭകളും തന്നെ സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട് എന്നുള്ളത് ഒരു നല്ല നാളെയുടെ ശുഭോദർക്കമായ വാഗ്ദാനമായി പരിഗണിക്കപ്പെടും എന്ന കാര്യത്തിൽ സംശയമില്ല.

## ഉപസംഹാരം

വികസന റിപ്പോർട്ടിൽ നിരവധി ആവശ്യങ്ങളും പ്രശ്നങ്ങളും നിർദ്ദേശങ്ങളും ഉയർന്നുവന്നിട്ടുണ്ട്. എന്നാൽ ഇവയൊക്കെ ഒന്നിച്ച് പരിഗണിക്കാനുള്ള മാന്ത്രിക വിദ്യകളൊന്നും നമ്മുടെ കൈവശമില്ല. അലാവുദ്ദീന്റെ അത്ഭുതവിളക്ക് അറബിക്കഥകളിൽ മാത്രം ഒതുങ്ങി നിൽക്കുന്നു. പ്രായോഗ്യ കൊണ്ട് മുൻഗണനാ ക്രമം നിശ്ചയിച്ച് വിഭവങ്ങളുടെ ലഭ്യതയനുസരണമായി പ്രശ്നങ്ങൾ പരിഹരിക്കുവാൻ മാത്രമേ നമുക്ക് കഴിയൂ. പ്രശ്നങ്ങളെപ്പറ്റി ചിന്തിക്കുമ്പോൾ ജല ദൗർലഭ്യമാണ് മുഖ്യ പ്രശ്നമെന്ന് കാണാൻ കഴിയും. ഇത് പരിഹരിക്കുന്നതിന് നമ്മുടെ പദ്ധതികളായ ആരക്കുഴ ശുദ്ധജലപദ്ധതിയും പാലക്കുഴ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയും സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതുണ്ട്. ഈ പദ്ധതികൾ സഫലീകരിച്ച് കാണുന്നതിന് പാലക്കുഴയിലെ ജനങ്ങൾ ചിരകാലമായി കാത്തിരിക്കുന്നു. പദ്ധതികളുടെ ആസൂത്രണത്തിലും നടത്തിപ്പിലും എന്നതു പോലെ തന്നെ വിഭവ സമാഹരണത്തിലും ജനപങ്കാളിത്തം ഉറപ്പു വരുത്തേണ്ടതുണ്ട്. ശ്രമദാനം വഴിയും ധനസഹായം കൊണ്ടും പദ്ധതികളുടെ പൂർത്തീകരണത്തിൽ യത്നിക്കണമെന്ന് ഏവരോടും അഭ്യർത്ഥിച്ചു കൊണ്ട് ഈ റിപ്പോർട്ട് ചർച്ചയ്ക്കും പഠനത്തിനും വേണ്ടി പഞ്ചായത്ത് വികസന സെമിനാറിൽ അവതരിപ്പിക്കുന്നു.